ഈമാനും

ഇർജാഇനുമിടയിൽ

لا إلهَ إلّا اللّٰه

മുഹമ്മദ് ഖുത്വുബ്

ഈമാനും

ഇർജാഇനുമിടയിൽ

മുഹമ്മദ് ഖുത്വുബ്

തർജുമ

അബ്ദുൽ ഹകീം ഹസൻ فك الله أسره





ഈ **ലാ ഇലാഹ ഇല്ലല്ലാഹ്** ആദ്യ തലമുറയുടെ ജീവിതത്തിൽ എന്ത് ഭാഗധേയമാണ് നിർവഹിച്ചതെന്ന് നാം അറിയേണ്ടതുണ്ട്.

എന്നാൽ അതിനുമുൻപ്, അറേബ്യയിലെ മുശ്‌രികുകൾ എന്തുകൊണ്ടാണ് ഈ വചനത്തെ നിരാകരിച്ചത്, എന്തിനിതിനോട് യുദ്ധം ചെയ്തുവെന്ന് പരിശോധിക്കാം.

സകല പ്രവാചകൻമാരുടെയും പ്രബോധനമായിരുന്നു **ലാ ഇലാഹ ഇല്ലല്ലാഹ്.** ആദമും നൂഹും മുതൽ മുഹമ്മദ് വരെയുള്ള ദൂതന്മാരെല്ലാവരും മനുഷ്യരോട് ആവശ്യപ്പെട്ടതിതാണ്.

ഈ പ്രബോധനത്തോട് ജാഹിലിയ്യതിന് ഒരേയൊരു നിലപാട് മാത്രമാണുണ്ടായിരുന്നത്, നിഷേധം! എതിർപ്പും ധിക്കാര (ഇനാദ്) വും!! പ്രവാചകന്മാരുടെ ചരിത്രത്തിലൊരിടത്തും ഈ പ്രബോധനത്തിൽ മാറ്റം വന്നിട്ടില്ല. അതേപോലെ അതിനോടുള്ള ജാഹിലിയ്യതിന്റെ സമീപനത്തിലും മാറ്റമുണ്ടായില്ല.

നിരന്തരം ഒരേ ആവശ്യം... നിരന്തരം ഒരേ മറുപടി. ചരിത്രത്തിന്റെ സമസ്തയേടുകളിലും ജാഹിലിയ്യത് ഈ

പ്രബോധനത്തോട് എന്തുകൊണ്ട് ഇതേ സമീപനം അനുവർത്തിച്ചു? പ്രത്യേകിച്ചും ജാഹിലിയ്യതിന്റ അഹങ്കാരിയായ നേതാക്കൾ!

"നൂഹിനെ നാം സ്വജനതയിലേക്ക് നിയോഗിച്ചു. തീർച്ചയായും ഞാൻ നിങ്ങൾക്ക് സ്പഷ്ടമായ താക്കീത് നൽകുന്നവനാകുന്നു. അല്ലാഹുവിന് അല്ലാതെ നിങ്ങൾ ഇബാദത് ചെയ്യരുത്. നിങ്ങൾക്ക് മേൽ വേദനയേറിയ ശിക്ഷ ഞാൻ ഭയപ്പെടുന്നുണ്ട്, തീർച്ച. അപ്പോൾ അദ്ദേഹത്തിന്റെ ജനതയിലെ അവിശ്വാസികളായ പ്രമാണിമാർ പറഞ്ഞു, ഞങ്ങളെ പോലെയുള്ള വെറും ഒരു മനുഷ്യനായിട്ട് മാത്രമേ ഞങ്ങൾ നിന്ന് കാണുന്നത്. ഞങ്ങളുടെ കൂട്ടത്തിലെ തന്നെ ഏറ്റവും നിസ്സാരക്കരാണ് നിന്നെ പിന്തുടരുന്നതായി ഒറ്റ നോട്ടത്തിൽ ഞങ്ങൾ കാണുന്നത്. ഞങ്ങളെക്കാൾ യാതൊരു ശ്രേഷ്ഠതയും നിങ്ങൾക്ക് ഞങ്ങൾ കാണുന്നില്ല. അല്ല, നിങ്ങളെ വെറും നുണയന്മാരായാണ് ഞങ്ങൾ കാണുന്നത്" (11 : 25 - 27).

"ആദ് സഞ്ചയത്തിലേക്ക് അവരുടെ ഭ്രാതാവായ ഹൂദിനെയും. അദ്ദേഹം പറഞ്ഞു, എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിന് ഇബാദത് ചെയ്യുക. നിങ്ങൾക്ക് അവൻ അല്ലാതെ മറ്റൊരു ഇലാഹുമില്ല. നിങ്ങൾ കെട്ടിച്ചമച്ച് പറയുന്നു. എന്റെ ജനമേ, ഇതിന്റെ പേരിൽ ഞാനൊരു കൂലിയും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം തരേണ്ടത് എന്നെ സൃഷ്ടിച്ചവനാണ്. നിങ്ങൾ ചിന്തിച്ച് ഗ്രഹിക്കുന്നില്ലേ? എന്റെ ജനമേ, നിങ്ങൾ നിങ്ങളുടെ നാഥനോട് പൊറുക്കൽ തേടുക. അവനിലേക്ക് അനുതപിച്ച് മടങ്ങുക. എങ്കിൽ അവൻ നിങ്ങൾക്ക് സമൃദ്ധമായി മഴ തരും. അവൻ നിങ്ങളുടെ ശക്തി കൂടുതൽ കരുത്തുറ്റതാക്കും. നിങ്ങൾ പിന്തിരിഞ്ഞ് പോവുന്ന കുറ്റവാളിയാവരുത്. അവർ പറഞ്ഞു, ഹൂദേ, നീ ഞങ്ങൾക്ക് വ്യക്തമായ ഒരു തെളിവും കൊണ്ടുവന്നിട്ടില്ല. നീ പറഞ്ഞതു കൊണ്ടുമാത്രം ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ

വിട്ടുകളയുകയില്ല. ഞങ്ങൾ നിന്നെ വിശ്വസിക്കുകയുമില്ല" (11 : 50 - 53).

"ഥമൂദ് ജനതയിലേക്ക് അവരുടെ ഉടപ്പിറപ്പായ സ്വാലിഹിനെയും. അദ്ദേഹം പറഞ്ഞു, എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിന് ഇബാദത് ചെയ്യുക. നിങ്ങൾക്ക് അവൻ അല്ലാതെ മറ്റൊരു ദൈവവും ഇല്ല. അവൻ നിങ്ങളെ ഭൂമിയിൽ നിന്ന് സൃഷ്ടിച്ച് വളർത്തി. നിങ്ങളെ അതിലധിവസിപ്പിച്ചു. അതിനാൽ നിങ്ങളവനോട് പാപമോചനം തേടുക. അവനിലേക്ക് ഖേദിച്ചു മടങ്ങുക. എന്റെ രക്ഷിതാവ് സമീപസ്ഥനും, പ്രാർഥനക്ക് ഉത്തരമേകുന്നവനുമാണ്, തീർച്ച. അവർ പറഞ്ഞു, സ്വാലിഹേ, ഇതിനു മുൻപ് നീ ഞങ്ങൾക്കിടയിൽ അഭിലഷണീയനായിരുന്നു. ഞങ്ങളുടെ പിതാക്കൾ ആരാധിച്ചിരുന്നതിനെ ഞങ്ങൾ ആരാധിക്കുന്നത് നീ ഞങ്ങളെ വിലക്കുകയാണോ? നീ ഞങ്ങളെ ക്ഷണിക്കുന്ന കാര്യത്തെക്കുറിച്ച് ഞങ്ങൾ അവിശ്വസനീയമായ സംശയത്തിലാണ്" (11 : 61 - 62).

"മദ്യൻകാരിലേക്ക് അവരുടെ സഹോദരനായ ശുഅയ്ബിനെയും. അദ്ദേഹം പറഞ്ഞു, എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിന് ഇബാദത് ചെയ്യുക. നിങ്ങൾക്ക് അവൻ അല്ലാതെ ഒരു ആരാധ്യനുമില്ല. അളവുതൂക്കങ്ങളിൽ നിങ്ങൾ കുറവ് വരുത്താതിരിക്കുക. തീർച്ചയായും ഞാൻ നിങ്ങളെ കാണുന്നത് ക്ഷേമത്തിലാണ്. നിങ്ങളെയപ്പാടെ വലയം ചെയ്യുന്ന ഒരു നാളിലെ ശിക്ഷ നിങ്ങളിൽ ഞാൻ ഉറപ്പായും ഭയക്കുന്നു. എന്റെ ജനമേ, നിങ്ങൾ അളവും തൂക്കവും നീതിപൂർവ്വം പൂർത്തിയാക്കി കൊടുക്കുക. ജനങ്ങൾക്കവരുടെ സാധനങ്ങളിൽ നിങ്ങൾ കമ്മി

വരുത്താതെയിരിക്കുക. നിങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്ന നാശകാരികളാകരുത്. നിങ്ങൾ വിശ്വാസികളെങ്കിൽ അല്ലാഹു ശേഷിപ്പിക്കുന്നതിലാണ് നിങ്ങൾക്ക് ഗുണമുള്ളത്. അവർ ചോദിച്ചു, ശുഅയ്ബേ, ഞങ്ങളുടെ പിതാക്കൾ ആരാധിച്ചു പോന്നതിനെ ഉപേക്ഷിക്കണമോ? സ്വസമ്പാദ്യം സ്വാഭീഷ്ടമനുസരിച്ച് ഉപയോഗിക്കാൻ പാടില്ലെന്നോ? ഈ നിസ്കാരമാണോ നിന്നെ ഇങ്ങനെയൊക്കെ കൽപ്പിക്കുന്നത്? നീ സഹനശാലിയും വിവേകിയുമല്ലോ?" (11 : 84 - 87).

അറേബ്യൻ ജാഹിലിയത് ഒരപൂർവ ജാഹിലിയ്യതായിരുനില്ല. എല്ലാ ദൂതന്മാരോടും അനുവർത്തിച്ച അതേ സമീപനം തന്നെയായിരുന്നു ആ പ്രബോധനത്തോട് അവരും പുലർത്തിയിരുന്നത്. അതാത് സമൂഹങ്ങളിലേക്ക് നിയുക്തരായ ദൈവദൂതന്മാരുടെ ആവശ്യങ്ങളോട് പൂർവ ജാഹിലിയ്യത് അനുവർത്തിച്ച അതേരീതിയിൽ തന്നെ പ്രവാചകന്റെ പ്രബോധനത്തോട് പ്രതികരിക്കുവാൻ അറേബ്യൻ ജാഹിലിയ്യതിനെ പ്രേരിപ്പിച്ച ധിക്കാരം (ഇനാദ്) എന്തായിരുന്നു? അതായത്, അറബികൾക്ക് മൊഴിയാൻ ബുദ്ധിമുട്ടുള്ള ഒരു വാക്യമായിരുന്നുവോ ഈ **ലാ ഇലാഹ ഇല്ലല്ല**യെന്നത്? അതോ, അവർക്ക് തൃപ്തികരമല്ലാത്ത വല്ല ലക്ഷ്യവും വിവക്ഷയും തേട്ടവും താത്പര്യവും ആ വാക്യത്തിനുണ്ടായിരുന്നുവോ?

ലാ ഇലാഹ ഇല്ലല്ലയെന്ന ഈ വാക്യം തങ്ങളോട് ആവശ്യപെട്ടുകൊണ്ടിരിക്കുന്നത് എന്തെന്ന് പൂർണമായി ബോധ്യമുള്ളതോടൊപ്പം തന്നെ അവർക്കരോചകമായിരുന്ന ആ കാര്യം എന്തായിരുന്നു? ഈ വാക്യത്തിന്റെ വെളിച്ചത്തിൽ ജീവിതം നയിക്കേണ്ട രീതി എന്തെന്നും, ഈ വാക്യം മൊഴിയുന്നതോടെ തങ്ങൾക്ക് സ്വാംശീകരിക്കേണ്ടി വരുനതെന്തെന്നുമുള്ള ബോധം അവർക്കുണ്ടായിരുന്നു.

ഈ വാക്യം യാതൊരു വിവക്ഷയും ലക്ഷ്യവുമില്ലാതെ തങ്ങളെക്കൊണ്ട് പറയിപ്പിക്കാനായിരുന്നുവെങ്കിൽപ്പിന്നെ ഖുറയ്ശികൾ ഇതിനെതിരെ ഒരു രക്തരൂക്ഷിത യുദ്ധത്തിന് ഇറങ്ങിത്തിരിക്കുമായിരുന്നുവോ? അതേപോലെ, ഇതര അറബി ഗോത്രങ്ങൾ അവസാനശ്വാസം വരെ യുദ്ധക്കളത്തിൽ നിറഞ്ഞു നില്ക്കുമായിരുന്നുവോ? **ലാ**

ഇലാഹ ഇല്ലല്ലയെന്ന ഈ വാക്യത്തിന്റെ തേട്ടം അവരുടെ ജീവിതരീതിയിലെ അടിമുടി മാറ്റമല്ലായിരുന്നുവെങ്കിലോ, സമൂഹത്തിന്റെ കീഴ്മേൽ പരിണാമം അനിവാര്യ പ്രശ്നമല്ലായിരുന്നുവെങ്കിലോപ്പിന്നെ ഈ അറബി ഗോത്രങ്ങൾ തങ്ങളുടെ ജീവിതം തന്നെ കൊലക്ക് കൊടുത്ത് കൊണ്ട് ഇറങ്ങിത്തിരിക്കുമായിരുന്നുവോ?

ഖുറയ്ശികളെ സംബന്ധിച്ചിടത്തോളം അക്കാലത്ത് തങ്ങളുടെ ഗോത്രത്തിലൊരു കവി പിറന്നാൽ, അതവരുടെ യശസ്സ് വാനോളമുയർത്തുമായിരുന്നു. അപ്പോൾപ്പിന്നെ ആ ഗോത്രത്തിലെ നബിപിറവി അവരുടെ ആഹ്ലാദാമോദത്തെ എവിടെയെത്തിക്കണമായിരുന്നു!? അറേബ്യൻ നേതൃത്വം അവരുടെ കരങ്ങളിലർപ്പിതമായിരുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും. അതോടൊപ്പം സാമ്പത്തികവും രാഷ്ട്രീയവുമായ കേന്ദ്രസ്ഥാനവും അവർക്കുണ്ടായിരുന്നു. അത്തരം അനുകൂല ഘടകങ്ങളൊക്കെയുണ്ടായിരിക്കെ അവരിലൊരു പ്രവാചകൻ പ്രത്യക്ഷനായത് അവരുടെ നേതാക്കൾക്ക് പൂർണചന്ദ്രനെ കീഴ്പ്പെടുത്തിയ ആഹ്ലാദവും ആമോദവുമേകേണ്ടിയിരുന്നു. അവരുടെ രാഷ്ട്രീയവും സാമ്പത്തികവുമായ പെരുമപ്രകടനത്തിന് ഹേതുവാകേണ്ടിയിരുന്നു. എന്നാൽ അങ്ങനെയൊന്നുമല്ലാതെ ഇതിനെ ഖുറയ്ശികൾ ഭയക്കുവാൻ കാരണമെന്തായിരുന്നു?

വെറുമൊരു വാക്യം! ..... വിവക്ഷയും ലക്ഷ്യവുമില്ലാത്ത കേവലമൊരു വാക്യം! എങ്കിൽ ഖുറയ്ശികൾ ഇത്ര വിറളി പിടിച്ചതെന്തിന്?

ജീവിതത്തിന്റെ ചില ചട്ടങ്ങളുമായി അവർ ഒരുവശത്ത്. മറുവശത്ത് മറ്റൊരു നിയമം, അതിലേക്കവർ നിരന്തരം ക്ഷണിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അവ രണ്ടിനുമിടയിൽ ഭുവനാകാശങ്ങളുടെ അന്തരമുണ്ട്.

ഈ വിഷയവൈപുല്യങ്ങളുടെ മർമത്തെ വെറും രണ്ടേരണ്ട് കാര്യങ്ങളിലേക്ക് നമുക്ക് ചുരുക്കാവുന്നതേയുള്ളൂ. ഖുർആനിലെ വിഷയങ്ങളെല്ലാം തന്നെ അതിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. **ഒന്ന്**, ഇബാദത് ഏകനായ അല്ലാഹുവിന് മാത്രമായിരിക്കണം. **രണ്ട്**, അല്ലാഹു അവതരിപ്പിച്ച ഹാലാലുകളും ഹറാമുകളും അനുസരിക്കണം.

"തങ്ങളുടെ ജനസഞ്ചയങ്ങളിൽ നിന്നു തന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്ത് വന്നതിൽ അവർക്കതിശയം! നിഷേധികൾ പറഞ്ഞു, ഇവൻ കള്ളക്കൂടോത്രക്കാരനാണ്. എല്ലാ ദൈവങ്ങളും ഒരൊറ്റ ദൈവമാണെന്ന് വാദിക്കുകയാണോ ഇവൻ? തീർച്ചയായും എത്ര വിചിത്ര വാദം!" (38 : 4, 5). **"അല്ലാഹു അവതരിപ്പിച്ചത് നിങ്ങൾ പിന്തുടരൂ എന്ന് പറയപ്പെട്ടാൽ അവർ പറയും, ഞങ്ങളുടെ പിതാക്കൾ പിൻപറ്റുന്നതായി കണ്ടതിനെയാണ് ഞങ്ങൾ പിന്തുടരുന്നത്. ജ്വലിക്കുന്ന നരകശിക്ഷയിലേക്കാണ് അവരെ പിശാച് ക്ഷണിക്കുന്നതെങ്കിലും"** (31 : 21).

ശിർകിന്റെ രത്നച്ചുരുക്കം ഈ രണ്ട് കാര്യങ്ങളിലേക്ക് ചുരുക്കപ്പെട്ടിരിക്കുന്നത് ഒന്നിച്ചൊരേയിടത്തായി ഖുർആൻ വിശകലനം ചെയ്തിട്ടുണ്ട്. **"ആ ഇണദൈവവാദികൾ പറഞ്ഞേക്കും, അല്ലാഹുവിന്റെ നിശ്ചയം**

ഉണ്ടായിരുന്നുവെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാക്കളോ ശിർക് ചെയ്യുമായിരുന്നില്ല. ഞങ്ങൾ ഒന്നും നിഷിദ്ധമാക്കുമായിരുന്നില്ല എന്ന്" (6 : 148). **"അല്ലാഹുവിൽ ശിർക് ചെയ്തവർ പറഞ്ഞു, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളും ഞങ്ങളുടെ പിതാക്കളും അവന് പുറമെ യാതൊന്നിനും ഇബാദത് ചെയ്യുമായിരുന്നില്ല. അവന്റെ തീരുമാനത്തിനപ്പുറം ഞങ്ങൾ യാതൊന്നും ഹറാം ആക്കുമായിരുന്നില്ല"** (16 : 35).

ശിർക് ഒരു ദുരന്തമാണ്. വിശ്വാസപര (ഇഅ്തിഖാദ്) മായി അത് അല്ലാഹുവെ കൂടാതെയുള്ള ആരാധ്യരിലുള്ള വിശ്വാസമാണ്. കർമപര (അമൽ) മായി അത്, അല്ലാഹു അല്ലാത്തവരിലേക്ക് തിരിയുകയും വിധിവിലക്കു (ഹറാമുകളും ഹലാലുകളും) കളും ശരിതെറ്റുകളും അല്ലാഹു അല്ലാത്തവരിൽ നിന്ന് സ്വീകരിക്കലുമാണ്.

ഈ എതിർപ്പും (مخالفة) നിഷേധ (عناد) വും ചില അറബി അറബി ജാഹിലിയ്യതിനു മാത്രം പ്രത്യേകമായിട്ടുള്ളതല്ലാ എന്നാണ് നാം പറഞ്ഞു വരുന്നത്. അതിനു മുൻപുള്ള ജാഹിലിയ്യതും അങ്ങനെ തന്നെയായിരുന്നു. ഉപര്യുക്ത സൂക്തദ്വയങ്ങൾ ആ ചരിത്ര യാഥാർഥ്യത്തിലേക്കാണ് വെളിച്ചം പകരുന്നത്. **"അതേപോലെ അവർക്ക് മുൻപുള്ളവരും നിഷേധിച്ചിട്ടുണ്ട്"** (6 : 148) **"അതേപോലെ അവർക്ക് മുൻപുള്ളവരും ചെയ്തിട്ടുണ്ട്"** (16 : 35).

പ്രവാചകന്മാർ നിയോഗിക്കപ്പെട്ട എല്ലാ ജാഹിലിയ്യതിലെയും നേതാക്കൾ പ്രവാചക മാർഗ്ഗത്തെ തടയാൻ സമസ്ത ശക്തിയും പ്രയോഗിച്ചത് നമുക്ക് കാണാം. എല്ലാ ധിക്കാരത്തോടു കൂടിയും അവരത് നിഷേധിച്ചു. തങ്ങളുടെ നിലപാടിൽ നിന്ന് പിന്തിരിഞ്ഞ അനുയായികളെ തിരിച്ചുകൊണ്ടുവരാനായി സമസ്ത ശക്തിയും പ്രയോഗിച്ചു. അങ്ങനെ വിരലിലെണ്ണാവുന്ന ചിലരൊഴിച്ച്, '**ഭൂരിപക്ഷം**' ഒന്നടങ്കം ആ നേതാക്കൊപ്പം നിലയുറപ്പിച്ചത് നാം കാണുന്നു. ഒത്തൊരുമയോടെ അവർ പ്രവാചകമാർഗം തടഞ്ഞു.

ഈ ചരിത്ര കഥയിൽ, തങ്ങളുടെ ആരാധ്യരോടുള്ള '**ഭൂരിപക്ഷ**'ത്തിന്റെ ആത്മാർഥത വളരെ ഉയർന്നു നിൽക്കുന്നതായി നമുക്ക് കാണാനാകും. ആചാരങ്ങളോടും ചട്ടങ്ങളോടുമുള്ള അവരുടെ ബന്ധം ഏറെ ശക്തമാണ്. മരത്തടിയിലോ ശിലയിലോ കൊത്തിയുണ്ടാക്കിയ ആ ദൈവങ്ങൾ '**ഭൂരിപക്ഷ**'ത്തിന്റെ ജീവിതത്തെ പ്രകൃത്യാ തന്നെ ആവേശം നിറക്കുന്നു. അതിൽ അർച്ചനകൾ നടത്തുമ്പോഴും അഭിഷേകം ചൊരിയുമ്പോഴും ആ '**ഭൂരിപക്ഷ**'ത്തിന് ത്തങ്ങളുടെ ആരാധ്യരുമായി ഒരുതരം അടുപ്പം

അനുഭവപ്പെടുന്നുണ്ട്.

എന്നാൽ നേതാക്കളുണ്ടല്ലോ, അവർ 'ചിത്തപ്രഭ'യുള്ളവരാണ്. അവരുടെ ജാടകൾക്ക് ഒരറുതിയുമില്ല. പ്രവാചകന്മാരോട് അവർ സംഘർഷത്തിനൊരുങ്ങിയത് തങ്ങളുടെ ദൈവങ്ങൾക്കുള്ള ഇബാദതിന്റെ സംരക്ഷണത്തേക്കാൾ സ്വനിലനില്പിന് വേണ്ടിയായിരുന്നു. തങ്ങളുടെ ആരാധ്യരുമായുള്ള നേതാക്കളുടെ ബന്ധം യാഥാർത്ഥ്യത്തേക്കാൾ രൂപപരമാണ്. ആ ദൈവങ്ങളുടെ സംരക്ഷണാർഥമുള്ള അവരുടെ വായാട്ടത്തിന് പിന്നിൽ അവയോടുള്ള വിശ്വാസതലത്തേക്കാൾ മുന്തിനിൽക്കുന്നത, '**ഭൂരിപക്ഷ**'ത്തെ തങ്ങളുടെ അടിമകളാക്കി നിലനിർത്തുന്നതിനുള്ള വിജയകരമായ നിമിത്തമാണത് എന്നതാണത്. ഈ ആരാധ്യന്മാർ നേതാക്കളുടെ '**പരിപാവനാധികാരങ്ങൾ**' നിലനിർത്താനുള്ള ആത്മീയവും സാമൂഹ്യവുമായ ഉപാധിയാണ്.

ഈ നേതാക്കളെ അലോസരപ്പെടുത്തുന്നത് അനുസരണത്തിന്റെ വിഷയമാണ്. അതായത് ഈ '**ഭൂരിപക്ഷം**' ഏത് നിയമവും ചട്ടവുമാണ് അനുസരിക്കേണ്ടതെന്നതാണ് വിഷയം. സമാജത്തിലെ നിയമങ്ങളും ചട്ടങ്ങളും തങ്ങളാണോ നിർമിച്ച് നടത്തേണ്ടത്, അതോ ഉപരിലോകത്ത് നിന്ന് അവതരിപ്പിച്ച ശരീഅത് മുഖേന അല്ലാഹുവോ?

എല്ലാ കാലഘട്ടത്തിലെയും ജാഹിലിയ്യ നേതാക്കളുടെ യഥാർഥ പ്രശനം ഇതുതന്നെയായിരുന്നു. അതുകൊണ്ടാണവർ **ലാ ഇലാഹ ഇല്ലല്ല**യോട് പടവെട്ടുവാൻ

രണാങ്കണത്തിലേക്ക് ഓടിക്കിതച്ചെത്തിയത്.

ഇപ്പോൾ അല്ലാഹുവിൽ നിന്നു വന്ന ഒരു പ്രവാചകൻ അവരോട് ഇങ്ങനെ പറയുകയാണ്: ***ഇബാദതിന് അർഹനായി ഒരു അസ്തിത്വവുമില്ല, അല്ലാഹു അല്ലാതെ. ഇബാദതും അബ്ദിയതും അവന് മാത്രമാണ്. അവൻ അല്ലാതെ മറ്റാർക്കും ഇബാദതും അബ്ദിയതും ഇല്ല.*** അസ്വസ്ഥരും ആശ്ചര്യരുമായാണ് അവരീ വർത്തമാനങ്ങൾ കേട്ടത്.

അധികാരത്തിന് വേണ്ടി നേതാക്കൾ (الملأ) ക്കിടയിൽ വടംവലിയും മാത്സര്യവുമുണ്ടെന്നത് സത്യമാണ്. ഭൂരിപക്ഷത്തെ ആരായിരിക്കണം അടിമപ്പെടുത്തേണ്ടതെന്ന കാര്യത്തിൽ അവർക്കിടയിലെ അതൊരു സംഘർഷമായി തുടർന്നുകൊണ്ടേയിരിക്കുന്നു. ജനാധിപത്യത്തിൽ നാമത് നിത്യവും കാണുന്നു. എത്രെണ്ണം നേതാക്കളുടെ പക്ഷത്ത് വീണെന്നും, എത്ര ഭൂരിപക്ഷത്തിന്റെ പക്ഷത്തു വീണെന്നും നോക്കി അധികാരം ഏറ്റുവാങ്ങുകയും കൈയ്യാളുകയും ചെയ്യുന്നവർ.

ഇവിടെ പ്രവാചകൻ വന്നു ജനങ്ങളോട് പറയുകയാണ്, لا اله الا الله യെന്നും اعبدو الله مالكم من اله غيره യെന്നും. **ഏകനായ അല്ലാഹുവിന്റെ ഇബാദതും അബ്ദിയതും അംഗീകരിക്കുക, അല്ലാഹു അല്ലാതെ മറ്റൊരാൾ ഇബാദതിന് അർഹനായി ഇല്ലെന്നും സമ്മതിക്കുക.** ഇവിടെ കാര്യങ്ങളപ്പാടെ മാറിമറിയുകയാണ്. ഇവിടെ സമസ്തയധികാരങ്ങളും മനുഷ്യ ഹസ്തങ്ങളിൽ നിന്ന് വാങ്ങി യഥാർഥ ഉടമക്ക് കൈമാറുന്നു. യഥാർഥ അസ്തിത്വമാണ് രക്ഷാശിക്ഷകൾക്കുടമ.

വിധിക്കലും വിലക്കലും അവന്റേതാണ്.

ലാ ഇലാഹ ഇല്ലല്ലയോടുള്ള നേതാക്കളുടെ സംഘർഷങ്ങൾ ആരംഭിക്കുന്നത് ഇവിടെ നിന്നാണ്. തങ്ങളുടെ സഖ്യസുഹൃത്തുക്കളേക്കാൾ പതിന്മടങ്ങ് ഭീയിയാണ് അവർക്ക് **ലാ ഇലാഹ ഇല്ലല്ല**യോട്. വിരുദ്ധ പക്ഷത്തോടോപ്പം ചേർന്നു നിന്നുപോലും അവരീ പ്രബോധനത്തോട് യുദ്ധം ചെയ്യുന്നു. ഈ യുദ്ധത്തിൽ പൊതുജനത്തെയും അവർ ഉപകരണമാക്കുന്നു. തങ്ങളുടെ ആരാധ്യകർക്കെതിരെ നിൽക്കുന്നവർക്കെതിരെ ഒരു പൊതുജന പിന്തുണയോട് കൂടിയുള്ള യുദ്ധം നയിക്കാൻ അവർ ശ്രമിക്കുന്നു.

"ഫിർഔൻ പറഞ്ഞു, നിങ്ങൾ എന്നെ വിടൂ. മൂസയെ ഞാൻ കൊല്ലും. അവനവന്റെ രക്ഷിതാവിനെ വിളിച്ച് പ്രാർത്ഥിക്കട്ടെ. അവൻ നിങ്ങളുടെ ദീൻ മാറ്റിമറിക്കുമെന്നും ഭൂമിയിൽ കുഴപ്പം കുത്തിപ്പൊക്കുമെന്നും ഞാൻ ഭയക്കുന്നു" (49 : 26). **"പിന്നീട് അവർക്കുശേഷം, നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔനിന്റെടും അവന്റെ പ്രമാണിമാരുടെയും അടുത്തേക്ക് മൂസയെയും ഹാറൂനെയും നാം നിയോഗിച്ചു. എന്നാൽ അവർ അഹങ്കരിക്കുകയാണ് ചെയ്തത്. അവർ കുറ്റവാളികളായ ഒരു ജനതയായിരുന്നു. അങ്ങനെ നമ്മിൽ നിന്നുള്ള സത്യം അവർക്ക് വന്നെത്തിയപ്പോൾ അവർ പറഞ്ഞു, ശരിക്കുമിതൊരു കൺകെട്ട് തന്നെ. മൂസ ചോദിച്ചു, സത്യം നിങ്ങൾക്ക് വന്നെത്തിയപ്പോൾ നിങ്ങളതേപ്പറ്റി ഇങ്ങനെയാണോ പറയുന്നത്? ജാലവിദ്യയാണോയിത്? മായാജാലക്കാർ വിജയിക്കുകയേയില്ല. അവർ പറഞ്ഞു, ഞങ്ങളുടെ പിതാക്കൾ എന്തൊന്നിലാണോ ഞങ്ങൾ കണ്ടത് അതിൽ നിന്ന് ഞങ്ങളെ തിരിച്ച് കളയാൻ വേണ്ടിയും,**

ഭൂമിയിൽ മേധാവിത്വം നിങ്ങളിരുവർക്കുമാകാൻ വേണ്ടിയാണോ നീ ഞങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്? നിങ്ങളിരുവരെയും ഞങ്ങൾ വിശ്വസിക്കുന്നതേയല്ല" (10 : 75 - 78) "അങ്ങനെ ഫിർഔൻ തന്റെ ജനങ്ങളെ വിഡ്ഢികളാക്കി. അവരവനെ അനുസരിച്ചു. തീർച്ചയായും അവർ അധർമികളായ ജനത യായിരുന്നു" (43 : 54)

എന്തായിരുന്നു മക്കയിലെ അവസ്ഥ?

മക്കയിലും മറ്റൊന്നായിരുന്നില്ല കഥ! ഈ പ്രബോധനത്തെ തടയാൻ തട്ടിലിറങ്ങിയ അന്നാട്ടിലെ പ്രമാണി (الملأ) മാരായിരുന്നു ഖുറയ്ശികൾ.

ഖുറയ്ശികൾക്കും മുഹമ്മദിനുമിടയിൽ യുദ്ധം ഉണ്ടായിരുന്നില്ലെന്നതാണ് സത്യം. യുദ്ധം അവർക്കും പ്രവാചകൻ കൊണ്ടുവന്നവർക്ക് മുന്നിൽ സമർപ്പിച്ച ആ പ്രബോധനത്തിനുമിടയിലായിരുന്നു. "**നബിയേ, അവരുടെ വർത്തമാനം അങ്ങേക്ക് വ്യസനമുണ്ടാക്കുന്നുണ്ടെന്ന് നാം തീർച്ചയായും അറിയുന്നുണ്ട്. എന്നാൽ അങ്ങയെയല്ല ഇവർ നിഷേധിച്ച് തള്ളുന്നത്. പ്രത്യുത, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെയാണ് ആ അക്രമികൾ നിഷേധിക്കുന്നത്**" (6 : 33).

മുഹമ്മദ് നുണയനാണെന്ന് അവരൊരിക്കൽ പോലും പറഞ്ഞിട്ടില്ല. പക്ഷേ ആ അക്രമികൾ ദൈവദൃഷ്ടാന്തങ്ങളെ കളവാക്കി പാടെ നിഷേധിച്ചു തള്ളി. മുഹമ്മദിന്റെ അസ്തിത്വത്തോട് അവർക്ക് വ്യക്തിപരമായി യാതൊരനിഷ്ടവും ഉണ്ടായിരുന്നില്ല. അപ്പോൾപ്പിന്നെ പ്രശ്നം ആരോടായിരുന്നു?

ഈ സംഘർഷം മൂർച്ഛിച്ച് പരകോടിയിലെത്തിയപ്പോൾ ഖുറയ്ശികൾ തങ്ങളുടെ ഒരു പ്രതിനിധി സംഘത്തെ പ്രവാചക സമക്ഷം അയച്ചു. അവർ പ്രവാചകന് മുന്നിൽ

വാഗ്ദാനപ്പെരുമഴ വർഷിച്ചു. രാജാധിപത്യം വേണമെങ്കിലത്, അല്ല സമ്പത്തും മറ്റ് ജീവിതായ്ശ്വര്യങ്ങളുമാണെങ്കിലത്. ഉപാധി ഒന്നു മാത്രം, ഈ പ്രബോധനം നിർത്തി വെക്കണം!

പ്രവാചകന്റെ വ്യക്തിത്വത്തോട് അവർക്ക് വല്ല ഭിന്നതയുമാണ്ടായിരുന്നുവെങ്കിൽ അവർ ഈ വാഗ്ദാനങ്ങളൊക്കെ മുന്നോട്ട് വെക്കുമായിരുന്നുവോ? ആ വ്യക്തി അവർക്ക് പൂർണ സമ്മതനായിരുന്നു. എന്നാൽ അവിടുന്ന് ആവശ്യപ്പെടുന്നവ ഒരു നിലക്കും അംഗീകരിക്കുവാനോ സമ്മതിക്കുവാനോ അവർ തയ്യാറായില്ല. ആ പ്രബോധനം അസ്വീകാര്യമെന്ന് അവർ വ്യക്തമാക്കി. അപ്പോൾ മാത്രമാണ് ആ പ്രബോധനം കൊണ്ടുവന്ന വ്യക്തിയുമായുള്ള ഒരു യുദ്ധത്തിലേക്ക് അവർ നീങ്ങിയത്.

പിന്നെ ആ **ലാ ഇലാഹ ഇല്ലല്ല**യിൽ വിശ്വസിക്കുവാൻ ചില ആളുകളുണ്ടാവുകയെന്ന ദൈവനിശ്ചയമുണ്ടായി. അങ്ങനെ ചരിത്രത്തിലെ ഏറ്റവും സമുന്നതമായ ഒരു സംഘം രംഗത്തുവന്നു. **ലാ ഇലാഹ ഇല്ലല്ലാഹ്** അംഗീകരിച്ച ആളുകളുടെ ജീവിതം എന്ത് പരിണാമത്തിനിരായായെന്ന് നാം ശ്രദ്ധാപൂർവം വീക്ഷിക്കേണ്ടതുണ്ട്.

അല്ലാഹു ഏകനാണെന്ന് കേവലം വാക്കാൽ മാത്രമാണോ അവർ സത്യപ്പെടുത്തിയത്? ആകാശത്ത് അവൻ അല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന കേവല പ്രഖ്യാപനം മാത്രമായിരുന്നുവോ അവർ നടത്തിയത്? വാക്കാൽ സമ്മതവും ഹൃദയം കൊണ്ട് സത്യപ്പെടുത്തലും മാത്രം!

ഇഖ്റാർ ബില്ലിസാനും തസ്‌ദീഖ് ബിൽ ഖൽബും മാത്രം!
വാചിക പ്രഖ്യാപനവും ഹൃദയ സ്ഥിരീകരണവും മാത്രം!!

അതോ, **ലാ ഇലാഹ ഇല്ലല്ല**യെന്നതവരുടെ ആത്മാക്കളിലും അവരുടെ ജീവിതവ്യവഹാരങ്ങളിലും അവരേക്കാൾ വലിയ ഭാരിച്ച യാഥാർഥ്യമായിരുന്നുവോ?

വരൂ.... നമുക്കവരോടൊപ്പം നടന്നു അതിനു സാക്ഷികളാകാം.

അറബികൾ ഒരു ഛിദ്രിത സമൂഹമായിരുന്നു. അവരെ ഏകോപിക്കുവാനുള്ള നിരവധി വിഷയങ്ങൾ സമൂഹത്തിൽ നിലനിന്നിരുന്നുവെങ്കിലും അവർ ഐക്യപ്പെട്ടിരുന്നില്ല. അറബികളുടെ പ്രദേശം ഒന്നായിരുന്നു. ചുറ്റുപാടുകളും ആചാരങ്ങളും സമ്പ്രദായങ്ങളും ഒന്നായിരുന്നു. ഭാഷയും ഒന്ന് സംസ്കാരവും ഒന്ന്. ചരിത്രം ഒന്ന്, വിശ്വാസവും എല്ലായിടത്തും ഒന്ന് തന്നെ. ഇങ്ങനെയൊക്കെയായിരുന്നിട്ടും അവരൊരിക്കലും ഐക്യത്തിലായിരുന്നില്ല. ഇസ്ലാം ആ ഛിന്നിത സമൂഹത്തെ **ഖയ്റ ഉമ്മതിൻ ഉഖ്രിജത് ലിന്നാസ്** എന്ന അടിസ്ഥാനത്തിൽ കോർത്തിണക്കി.

അറേബ്യൻ ഉപഭൂഖണ്ഡത്തിൽ വിഗ്രഹങ്ങൾ മാത്രമെ പൂജിക്കപ്പെട്ടിരുന്നുവെന്നത് ശരിയല്ല. മിക്ക ചരിത്ര ഗ്രന്ഥങ്ങളും നമ്മെ പഠിപ്പിക്കുന്നത് അല്ലാഹു അല്ലാത്തവർക്കുള്ള അവരുടെ ഇബാദതിന് അങ്ങനെയൊരു രൂപം മാത്രമെ ഉണ്ടായിരുന്നുള്ളൂവെന്നാണ്. അങ്ങനെ **ലാ ഇലാഹ ഇല്ലല്ല**യുടെ സമ്പൂർണതയെ മരത്തടിക്കും കല്ലിനുമുള്ള ഇബാദതിനെതിരെന്ന കേവലമൊരു ബാഹ്യരൂപത്തിൽ അവരൊതുക്കിക്കളഞ്ഞു. അറബികളിലുണ്ടായിരുന്ന കുഴപ്പങ്ങൾ നിഷ്കാസനം ചെയ്യുന്നതിൽ ഈ **ലാ ഇലാഹ ഇല്ലല്ല**ക്ക് ഒരു പങ്കുമില്ലെന്നാണോ? അവരുടെ സ്വഭാവപരമായ ഭ്രംശങ്ങളെ ഇല്ലാതാക്കാനുമല്ല ഈ **ലാ ഇലാഹ ഇല്ലല്ലാഹ്** വന്നതെന്നാണോ? മദ്യം, ചൂതാട്ടം, വ്യഭിചാരം, ബാലികാഹത്യകൾ, കൊള്ളകൾ എന്നീ സാമൂഹികാനീതികളെ കുറിച്ച് പറയാറുണ്ടെങ്കിലും ഇതൊന്നും **ലാ ഇലാഹ ഇല്ലല്ല**യുടെ പരിധിയിൽ വരുന്നതായി ഒരു ചരിത്ര ഗ്രന്ഥവും പഠിപ്പിക്കുന്നില്ല.

ഈ **ലാ ഇലാഹ ഇല്ലല്ലാഹ്** ആത്മാവിലെ എല്ലാ ശിർകുകളെയും കഴുകിക്കളഞ്ഞ് ശുദ്ധീകരിക്കുന്നു. ഏതെങ്കിലുമൊരു തരത്തിൽ മാത്രമുള്ള ശിർകായിരുന്നില്ല അവിടെയുണ്ടായിരുന്നത്. ശിർകിൻെറ വിഭിന്നവും വ്യത്യസ്തവുമായ രൂപങ്ങൾ ഉണ്ടായിരുന്നു അവിടെ. അതിന്റെയെല്ലാം ആറ്റിക്കുറുക്കിയ രൂപങ്ങൾ പക്ഷേ രണ്ടായിരുന്നു. ബഹുദൈവങ്ങളെ പൂജിക്കുക, അല്ലാഹു അവതരിപ്പിക്കാത്തത് പിന്തുടരുക.

★ ഓരോ ഗോത്രവും സമ്പൂർണമായി അനുസരിക്കപ്പെടുന്ന റബ്ബിന്റെ സ്ഥാനത്തായിരുന്നു. ഗസിയ്യ എന്ന ഗോത്രത്തെക്കുറിച്ച് ജാഹിലിയ്യാ കവിതയിൽ ഇങ്ങനെ കാണാം.

وما أنا إلا من غزية أن غوت

غويت وإن ترشد غزية أرشد

എന്റെ സമ്പൂർണ ബന്ധവും ഗസിയ്യയോടാണ്, അവൾ പിഴച്ചാൽ ഞാൻ പിഴച്ചു, അവൾ സുമാർഗിയായാൽ ഞാനും സുമാർഗി.

★ പിതാക്കളുടെയും കാരണവന്മാരുടെയും സമ്പ്രദായങ്ങളും ആചാരങ്ങളും ചട്ടങ്ങളും കണ്ണടച്ചനുസരിക്കപ്പെടുന്ന റബ്ബായിരുന്നു അവർക്ക്. "**അല്ലാഹു അവതരിപ്പിച്ചത് നിങ്ങൾ പിന്തുടരൂ എന്നവരോട് പറയപ്പെട്ടാൽ അല്ല, ഞങ്ങളുടെ പിതാക്കൾ എന്തൊന്നിൽ നിലകൊള്ളുവരായി ഞങ്ങൾ കണ്ടുവോ, അതാണ് ഞങ്ങൾ പിന്തുടരുന്നതെന്നായിരിക്കും അവർ പറയുക**" (31 : 21)

★ കാമവും ആനന്ദവും കേവല ശാരീരിക ചൊടിച്ചിലുകളായിരുന്നില്ല അവർക്ക്. അവരുടെ വിശ്വാസത്തിന്റെ രീതികളായിരുന്നുവത്. അല്ലാഹുവെ കൂടാതെ പൂജിക്കപ്പെടുന്ന ആരാധ്യന്റെ സ്ഥാനമായിരുന്നുവവക്ക്.

ألا أيّهذا الزاجري أحضر الوغى ... وان أشهد اللذات هل أنت مخلدي

വിലക്കുകളിലെ എന്റെ സാന്നിധ്യത്താൽ ബഹളം വെക്കുന്നവരെ, സുഖാസ്വാദങ്ങളിൽ ഞാൻ

കാണപ്പെടുന്നുവെങ്കിൽ എന്നെ നീ അമരനാക്കുമോ?

"സ്വേച്ഛയെ ഇലാഹാക്കിയവനെക്കുറിച്ച് അങ്ങ് എന്തു പറയുന്നു?" (25 : 42).

★ ഖുറയ്ശ് തന്നെ അവിടെ റബ്ബായി ചമഞ്ഞിരിക്കുകയായിരുന്നു. ഇഷ്ടമുള്ളത് ഹാലാലാക്കുകയും ഇഷ്ടമുള്ളത് ഹറാമാക്കുകയും ചെയ്തിരുന്നു അവർ. വിഗ്രഹങ്ങൾക്ക് വേണ്ടി നിയമങ്ങളും ചട്ടങ്ങളും പടക്കുന്ന ജോത്സ്യ ഗോത്രങ്ങളും പുരോഹിത കുലവുമായിരുന്നു അത്. **"വിലക്കപ്പെട്ട മാസം പുറകോട്ട് മാറ്റുകയെന്നത് കുഫ്റിന്റെ വർദ്ധനവ് തന്നെയാണ്. ഒരു കൊല്ലം അവരത് ഹലാലാക്കുന്നു. മറ്റൊരു കൊല്ലം അത് ഹറാമാക്കുന്നു. അല്ലാഹു ഹറാമാക്കിയതിന്റെ എണ്ണമൊപ്പിക്കാനും, അങ്ങനെ അല്ലാഹു ഹറാമാക്കിയത് ഹലാലാക്കാനും വേണ്ടിയാണ് അവരങ്ങനെ ചെയ്യുന്നത്"** (9 : 37). **"അല്ലാഹു സൃഷ്ടിച്ചുണ്ടാക്കിയ പൃഥിയിൽ നിന്നും കന്നുകളിൽ നിന്നും അവർ അവന് ഒരോഹരി നിശ്ചയിച്ച് കൊടുത്തിരിക്കയാണ്. എന്നിട്ട് സ്വജൽപനമനുസരിച്ച് ഇന്നത് അല്ലാഹുവിനുള്ളത് മറ്റേത് തങ്ങൾ ഇണകളാക്കിയ ദൈവങ്ങൾക്കുള്ളതെന്ന് അവരു പറഞ്ഞു..... അതേപോലെ ഇണദൈവവാദികളിൽപ്പെട്ട പലർക്കും സ്വസന്താനങ്ങളെ കൊല്ലുന്നത് അവർ പങ്കാളികളാക്കിയ ദൈവങ്ങൾ ഭംഗിയായി തോന്നിച്ചിരിക്കുന്നു..... അതിനാൽ അവർ കെട്ടിച്ചുണ്ടാക്കുന്നതുമായി അവരെ പാട്ടിന് വിട്ടേക്കുക. അവർ പറഞ്ഞു, ഇവ ഹറാമാക്കപ്പെട്ട കാലികളും കൃഷിയുമാകുന്നു. ഞങ്ങൾ ഉദ്ദേശിക്കുന്നവരല്ലാതെ അവ ഭുജിച്ചു കൂടാ. അതവരുടെ ജൽപനമത്രെ. പുറത്ത് സവാരി**

ചെയ്യുന്നത് ഹറാമാക്കപ്പെട്ട ചില കാലികളുണ്ട്. അവയുടെ മേൽ അവർ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയില്ല. ഇതെല്ലാം അവന്റെ പേരിൽ കെട്ടിച്ചമച്ചുണ്ടാക്കിയതാണ്..... അവർ പറഞ്ഞു, ഈ കാലികളുടെ ഗർഭാശയങ്ങളിലുള്ളത് ഞങ്ങളിലെ ആണുങ്ങൾക്ക് ഹലാലും, ഞങ്ങളുടെ ഇണകൾക്ക് ഹറാമാക്കപ്പെട്ടതുമാണ്. അത് ചത്തതെ0ങ്കിൽ അവരെല്ലാം അതിൽ പങ്കു പറ്റുകയും ചെയ്യും... ഭോഷത്വം നിമിത്തം ഒരു വിവരവുമില്ലാതെ സ്വസന്താനങ്ങളെ കൊല്ലുകയും, തങ്ങൾക്ക് അല്ലാഹു നൽകിയത് അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചു കൊണ്ട് ഹറാമാക്കുകയും ചെയ്തവർ നഷ്ടത്തിൽ പെട്ടവരാണ്, തീർച്ച" (6 : 136 - 140).

ശിർകിന്റെ - അവ വിഗ്രഹപൂജയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല - ഈവക രൂപഭേദങ്ങളെയെല്ലാം ഒരേ നിലയിൽ തന്നെ വീക്ഷിച്ച ഖുർആൻ **ലാ ഇലാഹ ഇല്ലല്ല**യിലൂടെ ശിർകിൽ നിന്ന് പുറത്തുവരാനുള്ള പ്രബോധനം അവർക്ക് മുന്നിൽ സമർപ്പിച്ചു. ഈ ശിർകിൽ നിന്നും ശിർകിന്റെ സമസ്ത പ്രകടരൂപങ്ങളിൽ നിന്നും അവരുടെ ശരീരങ്ങളെ കൂടി ശുദ്ധീകരിക്കേണ്ടതുണ്ടായിരുന്നു., അവരുടെ ഹൃദയങ്ങളെയും. അവരുടെ വികാരങ്ങളെയും വിചാരങ്ങളെയും സ്വഭാവങ്ങളെയും രീതികളെയും ബന്ധങ്ങളെയും കൂടി വിനലീകരിക്കേണ്ടതുണ്ടായിരുന്നു. പ്രവാചകന്റെ പതിമൂന്ന് വർഷക്കാലത്തെ മക്കയിലെ മഹനീയ ജിഹാദ് ആ വക സമസ്ത രൂപങ്ങളെയെല്ലാം സമഗ്രമായി തന്നെ സമീപിച്ചിരുന്നു.

മരണാനന്തരം ഉയർത്തെഴുന്നേൽപ്പിക്കപ്പെടുമെന്നും

പ്രതിഫലത്തിനായി ഹാജരാക്കപ്പെടുമെന്നുമുള്ള കാഴ്ചപ്പാട് അവരിൽ ഊട്ടിയുറപ്പിക്കുവാൻ വലിയ ശ്രമം തന്നെയുണ്ടായി. ഖുർആൻ മക്കാ മുശ്‌രികുകളെ അഭിസംബോധന ചെയ്തതിൽ ഏറിയ പങ്കും മരണാനന്തര പുനരുജ്ജീവന (بعث بعد الموت) മെന്ന വിഷയമായിരുന്നു. ദൈവജ്ഞാനത്തിന്റെ ഭാഗത്ത് നിന്ന് വീക്ഷിച്ചാൽ പരലോക വിശ്വാസം ഒന്നു മാത്രമാണ് ശിർകിൽ നിപതിച്ച ഈ മനുഷ്യ ജീവികളെ അതിന്റെ നിന്ദ്യതയിൽ നിന്നും മ്ലേഛതകളിൽ നിന്നും വിമോചിപ്പിക്കുകയും , അതിന്റെ വിഭിന്ന സ്കന്ധങ്ങളിൽ നിന്ന് ശുദ്ധീകരിക്കുകയും ചെയ്യുക. ഹൃദയങ്ങളിൽ ആഴ്ത്തിൽ വേരോടുകയും ചിന്തകളിൽ അള്ളിപ്പിടിച്ചിരിക്കുകയും ചെയ്യുന്ന ശിർകിനെ അതാതിടങ്ങളിൽ നിന്ന് വലിച്ചുപറിച്ചെറിയുവാൻ ഈമാൻ ബിൽ ആഖിറ അല്ലാതെ മറ്റൊരു പോംവഴിയില്ല തന്നെ. ശരീരങ്ങളെ തൗഹീദിൽ നിലനിർത്തുവാനും, അതിന്റെ അനിവാര്യ താത്പര്യങ്ങളെ ആത്മാവിൽ ആഴത്തിൽ നട്ടുപിടിപ്പിക്കുവാനും ഈമാൻ ബിൽ ആഖിറ അല്ലാതെ മറ്റൊരു ഒറ്റമൂലിയുമില്ല തന്നെ.

ഇഹലോക പരിധിയിലെ ദണ്ഡനം മതിവാവാത്ത വിധത്തിലുള്ള പാപമാണ് ശിർക്. തൗഹീദും അതിൽ നിന്ന് കിളിർക്കുന്ന സുകൃതങ്ങൾക്കുമുള്ള പ്രതിഫലം ഈ നശ്വര പ്രപഞ്ചത്തിന്റെ അതിരുകൾക്കുള്ളിൽ ഒതുക്കാവതുമല്ല. അതുകൊണ്ട് തന്നെ **ലാ ഇലാഹ ഇല്ലല്ലാഹ്** ഇതരലോകത്തിന്റെ കൂടി വിഷയമാണ്. ഈമാൻ ബിൽ ആഖിറയുടെ വിഷയം **ലാ ഇലാഹ ഇല്ലല്ല**യുടെ വിഷയമാകുന്നത് അങ്ങനെയാണ്.

ഈ **ലാ ഇലാഹ ഇല്ലല്ലാഹ്** ആത്മാക്കളെ ശിർകിൽ നിന്നും

ശിർകിന്റെ സമസ്ത രൂപങ്ങളിൽ നിന്നും വിമുക്തമാക്കി. ശിർക് വസിച്ചു പോന്ന ശരീരങ്ങളെ അല്ലാഹുവിന് മാത്രമുള്ള ഇബാദതുകൾ കൊണ്ട് നിറച്ചു. അങ്ങനെ ആ ദേഹങ്ങളിൽ അത്യുത്ഭുതങ്ങളായ പരിണാമങ്ങളുണ്ടായി. ഒരു പുതുജന്മം, നവജീവൻ!

വെറും വാചിക സമ്മത (ഇഖ്റാർ ബില്ലിസാൻ) വും ഹൃദയ സ്ഥിരീകരണ (തസ്‌വ്ദീഖ് ബിൽ ഖൽബ്) ലും മാത്രമായിരുന്നില്ല. ശരിക്കും ഒരു പുതുജന്മം.

തൗഹീദ് ആത്മാവിന് ഒരു പുതിയ രൂപവും ഭാവവുമേകുന്നു. നിർജീവദേഹങ്ങളിൽ ഒരു വൈദ്യുതി പ്രവാഹമാകുന്നു.

ആകാശഭൂമികളിലെ ആ '**സത്യ**'ത്തിന്റെ മാർഗം സ്വീകരിക്കുകയും, അതിലൂടെ ഗമിക്കുകയും ചെയ്യുമ്പോൾ ശരീരത്തിൽ അത്ഭുതകരമായ ചില രാസപ്രവർത്തനങ്ങൾ സംഭവിക്കുന്നു. പ്രപഞ്ചത്തിലെ ഏറ്റവും വിശ്രുതയാഥാർഥ്യമായ **ലാ ഇലാഹ ഇല്ലല്ല**യുടെ കായപ്രവേശത്തോടെ ജഡപ്രകൃതിയിൽ നിന്നവൻ പുറത്തുവന്നു. ആ വാക്യത്തിന്റെ ആലക്തിക പ്രസരണം മൃതതയിൽ ജീവന്റെ നാമ്പായി മാറുന്നു. അങ്ങനെ ആ ജീവൻ ചലിക്കുകയും തപിക്കുകയും ചെയ്യുന്നു. പുതിയ പുതിയ അറിവുകാലിലേക്ക് അവൻ ചെന്നെത്തുന്നു. ജ്ഞാനത്തിന്റെ നവീന ചക്രവാളം അവനു മുന്നിൽ തുറന്നു വരുന്നു.

കൃത്രിമ രക്ഷിതാക്കളും വ്യാജദൈവങ്ങളും ആ ഉടലുകളിൽ

കുടിയിരിക്കുകയായിരുന്നു. അവരുടെ ഹൃദയങ്ങളിൽ കയറിക്കൂടുകയും ആത്മാക്കളെ കീഴ്പ്പെടുത്തുകയും ചിന്തകളെ അധീനപ്പെടുത്തുകയും ചെയ്തിരുന്നു. അവരുടെ രീതികളിലും സ്വഭാവങ്ങളിലും ഇടപാടുകളിലും ഇടപെട്ടുകൊണ്ടിരിക്കുന്ന ആ രക്ഷിതാക്കളെയും ആരാധ്യരെയും അവിടെ നിന്ന് നിഷ്കാസനം ചെയ്ത ശേഷം ഏകനും ശക്തനു (ഖഹ്ഹാർ) മായ അല്ലാഹുവോടുള്ള സ്നേഹം, ഭയം, തേട്ടം, വഴിപ്പെടൽ കൊണ്ട് അവിടം നിറയുന്നു. അപ്പോൾപ്പിന്നെ എങ്ങനെയാണ് ഒരു പുതു ജന്മം ഉണ്ടാവാതിരിക്കുക?!

ആ വ്യാജദൈവങ്ങൾ തകർന്നടിയുമ്പോൾ അവരുമായി ബന്ധപ്പെട്ട സമ്പ്രദായ (ഉർഫ്) ങ്ങൾ ആചാര (രിവാജ്) ങ്ങൾ ചട്ട (ദസ്തൂർ) ങ്ങളൊക്കെ തകർന്നടിയുന്നു. അവരെ നിലനിർത്തുന്ന എല്ലാ രീതികളും മണ്ണോട് ചേരുന്നു.

ലാ ഇലാഹ ഇല്ലല്ലക്ക് മുൻപ് കൈയ്യാളിയിരുന്ന എല്ലാ പെരുമയും ഗോത്രങ്ങൾക്ക് വിനഷ്ടമായി. സാമൂഹ്യാചാരങ്ങളും പൂർവികരുടെ ചട്ടങ്ങളും - ഇക്കാലത്തത് പൊതുജനാഭിപ്രായമെന്ന പേരിൽ പ്രസിദ്ധമാണത് - ഈ ആകാശപ്രഭക്ക് മുന്നിൽ. മിഥ്യയായി പ്രഖ്യാപിക്കപ്പെട്ടു. അനന്തരാചാരങ്ങൾക്കും സമ്പ്രദായങ്ങൾക്കും സ്മാരക പദവി (monumental status) പോലും കൽപ്പിക്കപ്പെട്ടില്ല. രക്തബന്ധങ്ങൾക്കും ആസ്ഥകൾക്കും ആ ആത്മാക്കളെ ചേർത്തുവെക്കാനോ മുറിച്ചു മാറ്റാനോ ആയില്ല. ഇപ്പോൾ, അവരുടെ യോജിപ്പ് തൗഹീദിന് വേണ്ടിയാണ്. അവരുടെ വിയോജിപ്പും തൗഹീദിന് വേണ്ടി മാത്രമുള്ളതാണ്.

ഇഹലോകത്തെ ബന്ധങ്ങൾ മാത്രമല്ല, ഈ ലോകമപ്പാടെയും.... ഐഹികാലങ്കാരങ്ങളൊന്നിനും ഒരു കൊതുകുചിറകിൻ മേന്മ പോലുമില്ല! **ലാ ഇലാഹ ഇല്ലല്ല**യുടെ മുന്നിൽ ലോകത്തിന് അതിന്റെ സമസ്ത ഐഹിക വർണങ്ങളും ആനന്ദങ്ങളും തന്നെ നഷ്ടമാകുന്നു. കാര്യങ്ങൾ തൂക്കി നോക്കി വിലയിരുത്തുന്ന ആ പഴയ ദുൻയാവ് അസ്തമിച്ചു. പകരം ആഖിറതിനായി തൂക്കി നോക്കുന്ന ഒരു പുതിയ രീതി ഉദിച്ചുയർന്നു.

ലാ ഇലാഹ ഇല്ലല്ലാഹ് സൃഷ്ടിച്ച സാമൂഹികവും വൈയക്തികവുമായ പരിണാമം അതുല്യമായിരുന്നു. യോജിപ്പും വിയോജിപ്പും, ചാർച്ചയും ഛേദ്യവും ഇപ്പോൾ ഇതടിസ്ഥാനമാക്കിയാണ് നിലനിൽക്കുന്നത്. അതിനോട് ചേർന്ന ഹൃദയങ്ങൾ അതിലുറച്ചു നിന്നു. പിന്നെ മറ്റൊന്നും ആ ഹൃദയത്തിലേക്ക് പ്രവേശിച്ചില്ല. അവർ പുണർന്ന ബന്ധങ്ങൾക്ക് മുന്നിൽ ഇതര ബന്ധങ്ങൾ ഒന്നുമല്ലാതായി. സമൂഹം, രാഷ്ട്രം, സാമ്രാജ്യം, വർണം, വംശം, ഭാഷ..... ഒന്നും അവരുടെ ഐക്യത്തിന് മുന്നിൽ വിഘ്നമായി വന്നില്ല. 'അഖീദ' എല്ലാത്തിനെയും തട്ടിമാറ്റി ആ സ്ഥാനം അലങ്കരിച്ചു. യോജിപ്പിന്റെയും വിയോജിപ്പിന്റെയും അടിസ്ഥാനം അഖീദയായി മാറി.

ലാ ഇലാഹ ഇല്ലല്ലയുടെ മാർഗം കാണിച്ചു കൊടുക്കുവാൻ രംഗത്ത് വന്ന പ്രവാചകൻ ദാറുൽ അർഖമിൽ അനുയായികളുമൊത്ത് ദീർഘമായി കഴിഞ്ഞു. ചരിത്രത്തിലെ ഉന്നതമായ പരിശീലനക്കളരിയായിരുന്നുവത്. ഒരു മഹോന്നത സമൂഹം വാർത്തെടുക്കപ്പെടുകയായിരുന്നു അവിടെ. അവിടെ നിന്നാണ് **ഖയ്റ ഉമ്മതിൻ ഉഖ്രിജത് ലിന്നാസ്** രംഗപ്രവേശം

ചെയ്തത്.

അത് മക്കയിൽ! വരൂ..... ഇനി നമുക്ക് മദീനയിൽ ലാ ഇലാഹ ഇല്ലല്ലയും വിശ്വാസികളും തമ്മിലുള്ള പാരസ്പര്യം എന്തായിരുന്നുവെന്ന് പരിശോധിക്കാം.

നാം മുൻപ് പറഞ്ഞു കഴിഞ്ഞതാണ്, മദീനയിൽ എത്തിയ ശേഷവും **ലാ ഇലാഹ ഇല്ലല്ല**യെ കുറിച്ച സംസാരങ്ങൾ മരവിപ്പിക്കപ്പെട്ടിട്ടില്ലെന്ന്. ഒരിക്കൽ ഉരുവിട്ട ശേഷം മറ്റൊരു വിഷയത്തിലേക്ക് സ്ഥാനാന്തരം ചെയ്യുന്ന കാര്യമല്ലിത്. മറിച്ച്, ഒരു വ്യക്തി ഈ മാർഗത്തിലേക്കുള്ള പ്രവേശനവേളയിൽ ഇതിനെ ആശ്ലേഷിക്കുമ്പോൾ എങ്ങനെയായിരുന്നുവോ, അതേപോലെ തന്നെ പിന്നീടുള്ള ഓരോ ചുവടുവെപ്പിലും ദശാസന്ധിയിലും ഈ അടയാളത്തോടൊപ്പം സഞ്ചരിച്ചേ തീരൂ. ഇതിനെ വിട്ടൊഴിഞ്ഞു കൊണ്ടുള്ള ഒരു പുതിയ പ്രതിപാദ്യാനന്തരഗമനം ഇല്ലതന്നെ. എന്നല്ല ഇതിനെ ചേർത്തുപിടിച്ചുകൊണ്ടാകണം ഓരോ നവീന പ്രതിപാദ്യങ്ങളിലേക്കും നാം ചേക്കേറേണ്ടത്.

വിഷയ വ്യക്തതക്കായി മദീനി അധ്യായങ്ങളിൽ നിന്ന് ഏതാനും ചില ഉദാഹരണങ്ങൾ നമുക്ക് വിലയിരുത്താം.

നിരവധി പ്രതിപാദ്യങ്ങളാൽ സമ്പന്നമാണ് അൽ ബഖറ അധ്യായം ഇസ്‌ലാമിക രാഷ്ട്രം സംസ്ഥാനാനന്തരം ഒരു നവസമൂഹത്തിന്റെ സംഘാടനത്തിനും വേണ്ട അഭിക്രമണം ഈ അധ്യായത്തിലുണ്ട് അധ്യായാരംഭം വിശ്വാസികളുടെ സവിശേഷതാ വിവരണമാണ്. വിശ്വാസം ഉറച്ച സുചിന്തിതാഭിപ്രായം പുലർത്തുന്നവരാണ്. തങ്ങളുടെ വിശ്വാസം വിമലീകരിച്ച ശേഷം അല്ലാഹു ബാധ്യതയാക്കിയ ഇബാദതുകളുടെ നിർവഹണത്തിൽ പൂർണ സമർപ്പണം ദൃശ്യമാകുന്നു.

"അലിഫ് ലാം മീം. ഈ ഗ്രന്ഥം, നിസ്സംശയം, സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴിയാണ്. അദൃശ്യത്തിൽ വിശ്വസിക്കുന്ന, നമസ്കാരം മുറപ്രകാരം നിലനിർത്തുന്ന, നാമേകിയ അർഥങ്ങളിൽ നിന്ന് ചെലവഴിക്കുന്ന, നിനക്കും നിന്റെ പൂർവികർക്കും ഏകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുന്ന പരയുലകത്തിൽ ദൃഢബോധ്യമുള്ള ആളുകൾ. തങ്ങളുടെ നാഥന്റെ നേർവഴിയിലാണവർ. അവരാണ് യഥാർഥ വിജയികൾ" (2 : 1 - 5). ഇവിടെ വിശ്വാസിക (മുഅ്മിനൂൻ) ളും ഭക്ത (മൂഖിനൂൻ) രും വിജയിക (മുഫ്‌ലിഹൂൻ) ളും നമ്മുടെ മുൻപാകെ ദൃശ്യരാകുന്നു.

ഇഖ്റാർ ബില്ലിസാന്റെയും തസ്ദീഖ് ബിൽ ഖൽബിന്റെയും ഉപാധി (ശർത്വ്) പൂർത്തിയാവുക മാത്രമല്ല ഇവിടെ. നമസ്കാരം , സകാത് തുടങ്ങിയ വിഷയങ്ങളും കടന്നുവരുകയാണ്. ആ സമയം വരെ അവർക്ക് ബാധ്യതയാക്കപ്പെട്ട രണ്ട് ഇബാദതുകളായിരുന്നു അവ.

നിങ്ങളിൽ നിന്ന് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്താണോ ആവശ്യപ്പെടുന്നത്, അത് പൂർത്തീ കരിക്കപ്പെട്ടി രിക്കുന്നുവെന്നും, ഇടപാടുകൾ അവസാനിച്ചു കഴിഞ്ഞുവെന്നും അവരോട് പറയപ്പെട്ടില്ല.

"നിങ്ങളുടെ വദനങ്ങൾ പശ്ചിമപൂർവ ദിക്കുകളിലേക്കാക്കുന്നതല്ല പുണ്യം. അല്ലാഹുവിലും, അന്ത്യദിനത്തിലും, മലകുകളിലും, വേദഗ്രന്ഥത്തിലും, പ്രവാചകരിലും വിശ്വസിക്കുകയും സമ്പത്പ്രിയരായിരിക്കെ അത് ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും

വഴിപോക്കനും ചോദിച്ചെത്തുന്നവർക്കും അടിമവിമോചനത്തിനും നൽകുകയും, നമസ്കാരം മുറയോടെ നിലനിർത്തുകയും, സകാതേകുകയും, കരാർ ചെയ്താൽ അത് നിറവേറ്റുകയും, വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും യുദ്ധരംഗത്തും ക്ഷമപുലർത്തുന്നവരും ചെയ്തവരാണ് പുണ്യർ. അവരാകുന്നു സത്യപാലകർ. അവർ തന്നെയാകുന്നു ഭക്തർ" (2 : 177)

തുടർന്ന് ആലു ഇംറാൻ അധ്യായം വരുന്നു. അത് ആദ്യമധ്യാ**ന്തം ലാ ഇലാഹ ഇല്ലല്ല**യിലൂടെ സഞ്ചരിക്കുന്നു. **"അലിഫ് ലാം മീം. അവൻ അല്ലാതെ യാതൊരാധ്യനുമില്ല. സജീവൻ, സാരഥി. പൂർവവേദങ്ങളെ നിജപ്പെടുത്താൻ നിനക്ക് ഈ വേദഗ്രന്ഥം അവതരിപ്പിച്ചു. മനുഷ്യ മാർഗദർശനത്തിനായി അവൻ തൗറാതും ഇഞ്ചീലും ഇറക്കി. സത്യാസത്യ വിവേചനത്തിനുള്ള പ്രമാണവും അവൻ അവതരിപ്പിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചവർക്ക് കഠിനശക്തിയുണ്ടെന്ന് തീർച്ച. അല്ലാഹു പ്രതാപിയും ദണ്ഡന നടപടി സ്വീകരിക്കുന്നവനുമാകുന്നു"** (3 : 1 - 4).

അഖീദയുടെ അടിസ്ഥാനത്തിൽ നിന്നുകൊണ്ടാണ് ഈ അധ്യായത്തിലെ പ്രതിപാദ്യം മുന്നോട്ട് ഗമിക്കുന്നത്. തുടർച്ചയായി അഖീദ ചർച്ച ചെയ്യപ്പെടുന്നു. ഈമാനിന്റെ ഈ തരുവിൽ നിന്ന് **'അമലു'**കൾ മുള പൊട്ടിവിടർന്ന് വികസിക്കുകയാണ്. ഈമാനിന്റെ അനിവാര്യതയും തേട്ടവുമാണത്. അവയിൽ അപരിജ്ഞാത്യമായ ഒന്ന് യുദ്ധ (ഖിതാൽ) രൂപത്തിൽ ദൃഷ്ടി ഗോചരമാകുന്നു. **ലാ ഇലാഹ ഇല്ലല്ല**യെ ഭൂതലത്തിൽ നിറക്കുവാനും നാട്ടിൽ നാട്ടുവാനും

ഖിതാലി (യുദ്ധം) ന്റെ പാഠം തുടരെത്തുടരെ ഓർമപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. അങ്ങനെ അധ്യായത്തിന്റെ അവസാന ഭാഗമാകുമ്പോഴേക്ക് ഈമാനിന്റെ അനിവാര്യ പരിണതിയായി ഉണ്ടാകുന്ന കർമങ്ങളുടെ ഉത്തുംഗാവസ്ഥയിലേക്ക് നാമെത്തിച്ചേരുന്നു.

"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും, രാപ്പകലുകൾ മാറിമാറി വരുന്നതിലും സുബുദ്ധികൾക്ക് ദൃഷ്ടാന്തങ്ങൾ അനവധിയുണ്ട്. നിന്നും ഇരുന്നും കിടന്നും അല്ലാഹുവെ ഓർക്കുകയും, ആകാശഭൂമികളുടെ സൃഷ്ടിപ്പ് വിചിന്തനം ചെയ്യുന്നവരുത്രെ അവർ. ഞങ്ങളുടെ രക്ഷിതാവേ, നിർഥകമായി നീ പടച്ചതല്ലിത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽ നിന്ന് നീ ഞങ്ങളെ കാക്കേണമെ. ഞങ്ങളുടെ രക്ഷിതാവേ, വല്ലവനെയും നീ നരകത്തിലാക്കിയാൽ അവനെ നീ നിന്ദ്യനാക്കി. അക്രമികൾക്ക് തുണകളായി ആരുമില്ല. ഞങ്ങളുടെ രക്ഷിതാവേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കൂ എന്ന് വിശ്വാസത്തിലേക്ക് പ്രബോധനം ചെയ്യുന്ന ഒരു പ്രബോധകൻ പറയുന്നത് കേട്ട ഞങ്ങൾ അങ്ങനെ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, ആകയാൽ ഞങ്ങളുടെ അകൃത്യങ്ങൾ നീ പൊറുക്കുക ഞങ്ങളുടെ തിന്മകൾ നീ മായ്ച്ച് കളയുക. പുണ്യാളരിലാക്കി ഞങ്ങളെ നീ മരിപ്പിക്കുക. ഞങ്ങളുടെ രക്ഷിതാവേ, നിന്റെ ദൂതന്മാർ മുഖേന ഞങ്ങൾക്ക് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നൽകേണമേ. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ഞങ്ങളെ നീ നിന്ദ്യരാക്കരുതേ. നീ വാഗ്ദാനം ലംഘിക്കുകയില്ല, തീർച്ച! അപ്പോൾ അവരുടെ നാഥൻ അവർക്ക് പ്രത്യുത്തരമേകി. നിങ്ങളിൽ നിന്ന് കർമം ചെയ്യുന്ന ആണിന്റെയോ

പെണ്ണിന്റെയോ പ്രവൃത്തി നാം നിഷ്ഫലമാക്കില്ല. നിങ്ങളിലെ ഓരോ വിഭാഗവും മറുവിഭാഗങ്ങളിൽ നിന്ന് ഉത്ഭവിച്ചവരാകുന്നു. ആകയാൽ സ്വരാജ്യം വെടിയുകയും, സ്വഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെടുകയും, എന്റെ മാർഗത്തിൽ മർദിക്കപ്പെടുകയും യുദ്ധത്തിലേർപ്പെടുകയും വധിക്കപ്പെടുകയും ചെയ്തവരുടെ തിന്മകൾ നാം മായ്ച്ച് കൊടുക്കും. താഴ്വാരത്തരുവികളൊഴുകുന്ന പൂവനങ്ങളിൽ അവരെ നാം പ്രവേശിപ്പിക്കും. അത് അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമാണ്. അല്ലാഹുവിന്റെ പക്കലാണ് ഉന്നത പ്രതിഫലമുള്ളത്" (3 : 190 - 195).

സത്യസന്ധരായ ഈ വിശ്വാസികൾ, നിന്നും ഇരുന്നും കിടന്നും അല്ലാഹുവെ സ്മരിക്കുന്നവർ, അവരുടെ അവയവങ്ങൾ മുതൽ ഹൃദയം വരെ അല്ലാഹുവിന്റെ ഔന്നത്യം കുടികൊള്ളുന്നു. രാപ്പകലുകളുടെ മാറിമാറിച്ചിലുകളും ഭുവനവാനങ്ങളുടെ സൃഷ്ടിപ്പും സസൂക്ഷ്മം വീക്ഷിച്ച് വിചിന്തനം ചെയ്ത്, ഇവയൊന്നും സ്വയംഭൂവൊന്നുമല്ലെന്നും ഇതിന്റെ സൃഷ്ടിപ്പിന് പിന്നിലൊരു സത്യമുണ്ടെന്നും, മനുഷ്യനെ സൃഷ്ടിച്ച സ്രഷ്ടാവിന് മുന്നിൽ ഇഹലോക പ്രവർത്തനങ്ങളുടെ കണക്ക് ബോധിപ്പിക്കുവാൻ ഒരുനാൾ ഹാജരാകേണ്ടിവരുമെന്നും, അതിനായി മരണാനന്തരം പുനരുജ്ജീവിക്കപ്പെടുമെന്നും, രക്ഷാശിക്ഷകളിലൂടെ കടന്നു പോകേണ്ടി വരുമെന്നും ബോധ്യപ്പെട്ടത്തിനാൽ നരകത്തെ തൊട്ട് സ്രഷ്ടാവിനോട് കാവൽ തേടുന്നു. വിശ്വാസത്തെളിമയിലേക്ക് വിളിക്കുന്ന ഒരു പ്രവാചകനെ കേട്ട് ഈമാൻ കൈക്കൊണ്ടവരാണെന്നതിനെ മാധ്യമ (വസീല) മാക്കി അവർ പ്രാർത്ഥിക്കുന്നു. അവർ പാപമോചന പ്രതീക്ഷകൾ പുലർത്തുന്നു. അങ്ങനെ അല്ലാഹുവുമായുള്ള വിശ്വാസിയുടെ സ്വഗതഭാഷണം (മുനാജാത്) തുടരുകയാണ്. അപ്പോഴതാ അല്ലാഹുവിന്റെ മറുപടി വരുന്നു, **ഫസ്തജാബ ലഹും റബ്ബുഹും.... അപ്പോൾ അവരുടെ നാഥൻ അവർക്ക് മറുപടിയേകി.**

എന്തിന് പകരമാണ് അല്ലാഹു അവർക്കുത്തരമേകിയത്? അവരുടെ എന്ത് പ്രാർഥനക്ക് പകരമാണ് അല്ലാഹു പ്രതുത്തരം നൽകിയത്? **ഇഖ്റാറിനും തസ്‌ദീഖി**നും പകരമാണോ? അവരുടെ കേവല വിചിന്തനങ്ങൾക്കും വിചാരങ്ങൾക്കും പകരമാണോ? അവരുടെ സമയബന്ധിത ദൈവസ്മരണകൾക്ക് പ്രതിഫലമായാണോ? അതോ,

പ്രാർഥനകളും മുനാജാതും നിമിത്തമോ? അതല്ല, ഇവയുടെയെല്ലാം അനിവാര്യതേട്ടവും കർമസാക്ഷ്യ പ്രമാണവുമായ മറ്റേതെങ്കിലും സംഗതിക്ക് പകരമോ?

ഫസ്തജാബ ലഹും റബ്ബുഹും അന്നീ ലാ ഉദീഉ അമല ആമിലിമ്മിൻകും.... അപ്പോൾ അവരുടെ നാഥൻ അവർക്ക് മറുപടിയേകി. നിങ്ങളിൽ നിന്ന് പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവർത്തനം നാം നിഷ്ഫലമാക്കില്ല.

ഇതാണാ ബിന്ദു!

ഏതൊരു കാര്യമാണോ അല്ലാഹു ആവശ്യപ്പെട്ടത്, ഏതൊരു കാര്യത്തിലാണോ അല്ലാഹു അവരെ കേൾക്കുന്നത്, അത്..... ഈ വിചിന്തനങ്ങളും, ഈ വിചാരങ്ങളും, ഈ ദൈവസ്മരണകളും, ഈ പ്രാർഥനകളും സ്വഗതഭാഷണങ്ങളും, ഈ സ്തുതികളും ഈ കീർത്തനങ്ങളും ഒക്കെ ആ ഒരു സജീവ കർമത്തിന്റെതാണ്. അതിന്റെ രൂപത്തെക്കുറിച്ച് ഈ അധ്യായത്തിൽ നിരന്തര ഓർമപ്പെടുത്തലുകളുണ്ട്. ജിഹാദ്....! **ലാ ഇലാഹ ഇല്ലല്ല**യെ ഭൂമിയിൽ പൊലിപ്പിച്ചു നിർത്തുകയെന്നത് ഇത് പ്രബോധനം ചെയ്യുന്നവരുടെ ബാധ്യതയാണ്. അതുകൊണ്ടാണ് ഈ അധ്യായം ഇവിടെ അതിലെ പൊതു പ്രതിപാദ്യമായ ആ 'കർമ'ത്തിന്റെ വിഭാഗങ്ങളെ സ്മരിച്ചത്. ഇവിടെ 'കർമ'ത്തിന്റെ ഏതൊരു മാതൃകയാണോ സ്മരിക്കപ്പെട്ടിരിക്കുന്നത്, അതിതാണ് : അവർ അല്ലാഹുവിന് വേണ്ടി പലായനങ്ങളിലാണ്..... അവർ **ലാ ഇലാഹ ഇല്ലല്ല**ക്ക് വേണ്ടി സ്വഭവനങ്ങളുപേക്ഷിച്ച് നിരന്തര സഞ്ചാരങ്ങളിലാണ്..... അവർ ആ മാർഗത്തിൽ

കൊല്ലപ്പെടുന്നു.... അതിനുവേണ്ടി സർവായുധസജ്ജരായി ഒരങ്കത്തിനൊരുങ്ങി നിൽക്കുകയാണ്. അതെ, അവരെയാണ് അല്ലാഹു കേട്ട് പ്രത്യുത്തരമേകിയത്.

ദീനിൽ ഈ കർമങ്ങൾ മാത്രമേയുള്ളൂയെന്നും, മറ്റു കർമങ്ങളൊന്നും ഇല്ലാത്തതിനാലാണ് അല്ലാഹു ഇവരേക്കേട്ട് പ്രത്യുത്തരം നൽകിയതെന്നൊന്നും നിനക്കരുത്. ഈ അധ്യായത്തിന്റെ പൊതു പ്രതിപാദ്യത്തിൽ ഉപര്യുക്ത കർമങ്ങളെ പ്രത്യേകം പരിഗണിക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്.

പിന്നീട് നിസാഅ് അധ്യായം വരുന്നു. **യാ അയ്യുഹല്ലദീന ആമനൂ.... 'അല്ലയോ വിശ്വാസികളേ**'യെന്ന അഭിസംബോധനക്ക് ശേഷം വിശ്വാസികൾക്ക് കല്പനകൾ കൊടുക്കുന്നു. എന്നാൽ, മുൻപ് ഈമാൻ കൈക്കൊണ്ട അതെ കാര്യങ്ങളിൽ തന്നെ ഈമാൻ ഉറപ്പിക്കുവാനാണ് കല്പന. തുടർന്ന്, ഈമാനിന്റെ വിവിധ കർമരീതികൾ പരിചയപ്പെടുത്തുന്നു. കാരണം, ഈമാൻ കേവലമൊരു സംഗതി മാത്രമല്ലെന്നും, ഹൃദയം ഈമാനിക വികാരങ്ങളിൽ പുളകിതമാകുമ്പോഴും സമീപനങ്ങളിലും പെരുമാറ്റങ്ങ (സുലൂക്) ളിലും കർമരീതികളിലും ഈമാൻ കടന്നുവരേണ്ടതുണ്ട്. അല്ലാതെ, കർമങ്ങളിലും പെരുമാറ്റങ്ങളിലും ജീവിതവ്യവഹാരങ്ങളിലും ഇപ്പോഴും പഴയ താത്പര്യങ്ങളും നാട്ടാചാരങ്ങളും ചട്ടങ്ങളും പൂർവികരുടെ സമ്പ്രദായങ്ങളും സൂചനകളും തന്നെ. ദായധന വിഭജനത്തിന്റെ വിധികൾ അവതരിക്കുകയും, അതിനെ ഈമാനിന്റെ ആ യാഥാർഥ്യവുമായി ബന്ധിപ്പിക്കുകയും ചെയ്തു. "**അല്ലാഹുവിന്റെ നിയമപരിധികളാകുന്നു അതെല്ലാം.**

ഏതൊരുവൻ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ താഴ്ഭാഗത്ത് ആറുകളൊഴുകുന്ന പുഷ്പവാടിയിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ ചിരഞ്ജീവിയായിരിക്കും. അത് മഹദ് വിജയം! അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുകയും നിയമപരിധികൾ ഉല്ലംഘിക്കുകയും ചെയ്തവനെ നരകാഗ്നിയിലെറിയും. അവനതിൽ നിത്യവാസി. അപമാനകരമായ ശിക്ഷയുണ്ടവന്" (4 : 13, 14).

അതിന്റെ അടിസ്ഥാനത്തിൽ കുടുംബപരവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും സൈനികപരവുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ടേയിരുന്നു. മുഴുവൻ കാര്യങ്ങളുടെയും ഒരടിസ്ഥാന കേന്ദ്രമാനം വ്യക്തമാവും വിധമുള്ള ഒരു സൂചനയെക്കുറിച്ച പരാമർശവും വരുന്നു. **"വിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക, ദൂതനെയും. നിങ്ങളിൽ നിന്നുള്ള കൈക്കാര്യ കർത്താക്കളെയും അനുസരിക്കുക. നിങ്ങൾക്കിടയിലെ വ്യവഹാരങ്ങൾ വല്ലതിലും പരസ്പര ഭിന്നതയുണ്ടായാൽ നിങ്ങളത് അല്ലാഹുവിലേക്കും ദൂതനിലേക്കും മടക്കുക, നിങ്ങൾ അല്ലാഹുവിലും ആഖിറതിലും ഈമാൻ ഉള്ളവരെങ്കിൽ. അതാണ് ഏറെ ഉത്തമം, നല്ല പര്യവസാനം"** (4 : 59).

കാര്യങ്ങളഖിലവും അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കുമാണ് മടക്കേണ്ടത്. ജീവിതത്തിലെ എല്ലാ ഇടപാടുകളും അല്ലാഹുവിന്റെയും ദൂതന്റെയും തീരുമാനപ്രകാരമായിരിക്കുകയും വേണം. അതിനെ അല്ലാഹുവിലും ആഖിറതിലുമുള്ള ഈമാനുമായാണ്

ബന്ധിപ്പിച്ചിരിക്കുന്നത്. അതും ഒരു ഉപാധി വെച്ചുകൊണ്ട്, **ഇൻ കുൻതും തുഅ്മിനൂന ബില്ലാഹി വൽ യൗമിൽ ആഖിറ.... നിങ്ങൾ അല്ലാഹുവിലും ആഖിറതിലും ഈമാൻ ഉള്ളവരെങ്കിൽ!**

ദൂതന്മാരെ കേവല സന്ദേശവാഹകരായിട്ടല്ല നിയോഗിച്ചിരിക്കുന്നതെന്ന് പറയുകയാണ് പിന്നെ. അതായത്, പ്രവാചകന്മാർ സന്ദേശമെത്തിച്ചു തന്നു, അതോടെ കാര്യങ്ങളൊക്കെ തീർന്നു. വാക്കാൽ സമ്മതിക്കുകയും, ഹൃദയത്തിൽ സത്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നാണോ? അല്ല....! പിന്നെയോ? ഭൂമിയിൽ അനുസരിക്കപ്പെടാൻ വേണ്ടിയാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടതെന്ന യാഥാർഥ്യത്തെ സംശയലേശമന്യെ വ്യക്തമാക്കുകയാണ്. **"അല്ലാഹുവിന്റെ ഉത്തരവ് പ്രകാരം അനുസരിക്കപ്പെടാൻ വേണ്ടിയല്ലാതെ നാം ഒരു ദൂതനെയും അയച്ചിട്ടില്ല**" (4 : 64).

തുടർന്ന് നിരവധി കല്പനകളും തീരുമാനങ്ങളും പ്രഖ്യാപിക്കുന്നു. നന്മ കൽപ്പിക്കലിന്റെയും തിന്മ വിരോധിക്കലിന്റെയും നിരവധിയനവധി നിർദേശങ്ങൾ! അങ്ങനെ **അല്ലദീന ആമനൂ**വിനെ പ്രവാചകയനുസരണമുള്ളവരായി മാറ്റുന്നു. വിഷയഗൗരവം ഒരിക്കൽ കൂടെ അടിവരയിട്ട് വ്യക്തമാക്കുകയാണിവിടെ. ചില ആഗ്രഹങ്ങളുടെയും ഉദ്ദേശ്യങ്ങളുടെയും പേരല്ല ഈമാനെന്നും, തങ്ങളുടെ നിലപാടുകളെ ഓരോ ചുവടുവെപ്പിലും നിമിഷങ്ങളിലും സാക്ഷ്യപ്പെടുത്തുകയും സത്യപ്പെടുത്തുകയും ചെയ്യലാണ് അതെന്നും വ്യക്തമാക്കുകയാണ്. **"കാര്യം നിങ്ങളുടെ വ്യാമോഹങ്ങൾക്കനുസൃതമല്ല. വേദക്കാരുടെ വ്യാമോഹമനുസരിച്ചുമല്ല. പാപിക്ക് അതിന്റെ പ്രതിഫലമുണ്ട്.**

അല്ലാഹു ഒഴികെ ഒരു മിത്രവും തുണയും അവനുണ്ടാവില്ല. സത്യവിശ്വാസിയായിക്കൊണ്ട് സുകൃതം ചെയ്ത ആണും പെണ്ണും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടും. അല്പം പോലും അനീതി ആരോടുമുണ്ടാവുകയില്ല" (4 : 123, 124).

ശേഷം ദീൻ പൂർത്തീകരിക്കപ്പെട്ടുവെന്ന പ്രഖ്യാപനത്തോടെ മാഇദ അധ്യായം ആരംഭിക്കുന്നു. "**ഇന്ന് നാം നിങ്ങൾക്ക് നിങ്ങളുടെ ദീൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു. നമ്മുടെ അനുഗ്രഹം നിങ്ങൾക്ക് നാം നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. ദീൻ ആയി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടരിക്കുന്നു**" (5 : 3). അല്ലാഹു എന്തൊക്കെയാണ് ഹലാൽ ആക്കിയതെന്നും എന്തൊക്കെയാണ് ഹറാം ആക്കിയത്തെന്നുമുള്ള വിവരണമാണ് ഈ അധ്യായം മുഴുവൻ. ഭക്ഷണപാനീയ കാര്യങ്ങൾ മുതൽ വിവിധ ജീവിതയിടപാടുകൾ വരെ **അല്ലദീന ആമനൂ**വെ നിരന്തരം അഭിസംബോധന ചെയ്യുകയും ഒന്നിനു പുറകെ ഒന്നൊന്നായി ഉപദേശനിർദേശങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അധ്യായാരംഭം തന്നെ ഇങ്ങനെയാണ് "**വിശ്വാസികളേ, നിങ്ങൾ കരാർ പാലിക്കുക**" (5 : 11).

അല്ലാഹു അവതരിപ്പിച്ച ശരീഅതിലേക്ക് വിധിതേടിപ്പോവുക (തഹാകും) യെന്ന വിഷയം ഗൗരവതലം സ്പർശിക്കുകയാണ്. ഈ ശരീഅത് അല്ലാത്ത സമസ്ത ശരീഅതുകളിൽ നിന്നെല്ലാം വിട്ടൊഴിഞ്ഞു നിൽക്കുക ഈമാനിന്റെ ഗൗരവമുഖമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. ശാസന (ഹുകും) ക്കും നിയമ (ദസ്തൂർ) ത്തിനും ഈ ലോകത്ത് രണ്ടേരണ്ട് രൂപം മാത്രമേയുള്ളൂ. മൂന്നാമത്തെ രൂപമതിനില്ല. ദൈവശാസന (ഹുകുമുല്ലാഹ്) യോ അതോ ജാഹിലിയ്യതിന്റെ

ശാസന (ഹുകുമുൽ ജാഹിലിയ്യ) യോ? ദൈവിക നിയമമോ അതോ ജാഹിലീ നിയമമോ? **"ജാഹിലിയ്യയുടെ വിധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസികൾക്ക് അല്ലാഹുവേക്കാൾ ഉത്തമനായ വിധികർത്താവ് ആരാണുള്ളത്?"** (5 : 50). അല്ലാഹു അവതരിപ്പിച്ചത് കൊണ്ട് വിധി കൽപ്പിക്കാത്തവരുണ്ടല്ലോ അവർ കാഫിറുകളാണ്, അക്രമികളാണ്, തെമ്മാടികളാണ് (5 : 44, 45, 47).

ഇതര മദീനി അധ്യായങ്ങളുടെയും അവസ്ഥ മറ്റൊന്നായിരുന്നില്ല. എല്ലായിടത്തും **അല്ലദീന ആമനൂ**നെയാണ് അഭിസംബോധന ചെയ്യുന്നത്. അതായത്, മുൻപ് **ഇഖ്‌റാറും തസ്‌ദീഖും** നടത്തിയവർ. അവർക്ക് മുന്നിൽ വ്യക്തമായി തന്നെ കാര്യങ്ങളിൽ അവതരിപ്പിക്കുകയാണ്. ഈ **ഇഖ്‌റാറും തസ്‌ദീഖും** നിങ്ങൾ മക്കയിൽ നടത്തിയതാണ്. പിന്നെ മക്കയിൽ നിന്ന് പലായനം ചെയ്തു വന്നു. ഈ പലായനം (ഹിജ്റ) ഈമാനിന്റെ ഒരു കഠിന ബാധ്യതയായിരുന്നു. അതിന്റെ ആവകാശത്തോട്കൂടി തന്നെ നിങ്ങളത് യഥാവിധി നിർവഹിച്ചു. ആ അൻസ്വാറുകളും മുൻപ് തന്നെ **ഇഖ്‌റാറി**ന്റെയും **തസ്‌ദീഖി**ന്റെയും ബാധ്യത പൂർത്തീകരിച്ചവരാണ്. അതോടൊപ്പം തന്നെ അവർ പ്രവാചകന് വേണ്ടി സ്വഭവനങ്ങൾ മാത്രമല്ല സ്വന്തം ഹൃദയങ്ങൾ കൂടി തുറന്ന് വെക്കുകയുണ്ടായി. അവരുടെ ഈ പ്രവൃത്തികളൊന്നും തന്നെ ഈമാനിന്റെ നവബാധ്യതകൾക്കും ഉത്തരവാദിത്തങ്ങൾക്കും, അതേപോലെ സുകൃദാദേശങ്ങൾക്കും ദുഷ്കൃതവിലക്കുകൾക്കും പകരമായില്ല. എന്നല്ല, അല്ലാഹുവിൽ നിന്ന് വരുന്നതെന്തും സമ്പൂർണമായിത്തന്നെ അനുസരിക്കപ്പെടുകയും പിൻപറ്റപ്പെടുകയും ചെയ്യേണ്ടതുണ്ടെന്നും വ്യക്തമാക്കി.

ഇതെല്ലാം. തന്നെ അവരുടെ **ഇഖ്റാറും തസ്്വദീഖും** പരീക്ഷിക്കപ്പെടാൻ വേണ്ടിയുള്ളതാണ്. അവരുടെ **ഇഖ്റാറും തസ്്വദീഖും** ഇതിനോട് സമ്പൂർണമായി വിലയം പ്രാപിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം അത് അല്ലാഹുവിങ്കൽ അസ്വീകാര്യമായ കപടത (നിഫാഖ്) മാത്രമായിരിക്കും. വലിയ കപടത (നിഫാഖുൽ അക്ബർ) യുടെ ശിക്ഷയാണെങ്കിൽ നരകത്തിന്റെ കീഴേത്തട്ടിലുള്ള ബന്ധനമാണ്, **"നയവഞ്ചകർ നരകത്തിന്റെ അധോതലത്തിലാണെന്നത് തീർച്ച! അവർക്കൊരു തുണയും നീ ദർശിക്കില്ല"** (4 : 145).

മദീനി അധ്യായങ്ങൾ നമുക്ക് മുന്നിൽ വരച്ചിടുന്ന ചിത്രം ആദ്യാവസാനം **ലാ ഇലാഹ ഇല്ലല്ല**യുടെ പരിധികളും തേട്ടങ്ങളുമാണ്. ദീൻ പൂർത്തീകരിച്ച ദിവസം ജീവിതത്തിന്റെ ഒരു സമ്പൂർണ വ്യവസ്ഥയെന്ന നിലയിൽ **ലാ ഇലാഹ ഇല്ലല്ല**യെ നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നു. അതിന്റെ ഒരു ഭാഗം മാത്രമാണ് വിശ്വാസം (ഇഅ്തിഖാദ്). ഒരു ഭാഗം ഇബാദതും മറ്റൊരു ഭാഗം കർമങ്ങളും പെരുമാറ്റ (സുലൂക്) വും രീതിയും സ്വഭാവ (അഖ്‌ലാഖ്) വുമാണ്.

ഹാകിമിയതിന്റെ വിഷയം ഒരു വിഷയം തന്നെയാണ്.

മക്കീ അധ്യായങ്ങളിൽ **ലാ ഇലാഹ ഇല്ലല്ലയു**ടെ ഈ വിശ്വാസ (ഇഅ്തിഖാദ്) പരമായ വശത്തിന് അല്ലാഹു, ആഖിറത്, മലകുകൾ, പ്രവാചകന്മാർ, ഗ്രന്ഥങ്ങൾ, ഖദർ എന്നിവയുമായി ബന്ധപ്പെട്ട് ഏറെ പ്രാധാന്യം നൽകിയിരുന്നതിനാൽ മക്കയിൽ ബാധ്യതയാക്കപ്പെട്ട **ലാ ഇലാഹ ഇല്ലല്ല**യുടെ സ്വഭാവവശത്തിന് ആരാധനാ ചിഹ്നത്തിന്റെ കേന്ദ്രസ്ഥാനമാണ് ലഭിച്ചിരുന്നത്. മദീനി അധ്യായങ്ങളിൽ **ഹാകിമിയ്യ**ക്കാണ് ഏറെ പ്രാധാന്യം നൽകിയിരിക്കുന്നതെന്ന് നമുക്ക് കാണാനാകും. ദൈവിക ശരീഅതിനെ നാട്ടുചട്ട (ദസ്തൂർ) മാക്കുകയും ദൈവേതര നിയമങ്ങളെ സമ്പൂർണമായി നിരാകരിക്കുകയും ചെയ്യുന്നതിനെ കേന്ദ്രബിന്ദുവാക്കി. എന്നല്ല, ഇവയെ ഈമാനിന്റെ പരമോച്ഛമായി പ്രഖ്യാപിക്കുകയും ചെയ്തു. അതോടൊപ്പം സ്വഭാവശത്തിനും പ്രാധാന്യം നൽകുന്നുണ്ട്. ശാസനാവിധികളുടെ വിശദീകരണങ്ങൾക്കൊപ്പം മദീനയിൽ നിയമമാക്കപ്പെട്ട ഇബാദതുകളുടെ കാര്യത്തിലും പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്.

ഹാകിമിയ്യയുടെ വിഷയം മദീനയിൽ വന്നെത്തിയ ശേഷം മാത്രം ഉത്ഭവിച്ചതാണെന്ന് കരുതുന്നത് ശരിയല്ല. നിയമനിർമാണധികാരം ഏകനായ അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. ഹലാലും ഹറാമും എന്തെന്ന ജ്ഞാനബോധം അവന്റെ മാത്രം കഴിവിൽ പെട്ടതാണ്. ഹലാലും ഹറാമും അവൻ തീരുമാനിക്കുന്നതും, ഒരു മനുഷ്യന് പോലും അതിൽ പങ്കാളിത്തം അവകാശപ്പെടാനില്ലാത്തതുമാണ്. അവൻ അവതരിപ്പിച്ചതിന് പകരമായി നിയമം നിർമിക്കുന്നതും, നിയമനിർമാണാധികാരം

മനുഷ്യന് കല്പിച്ചു നൽകുന്നതും അല്ലാഹുവിലുള്ള ശിർകാണ്. **മാ അൻസലല്ലാ**ക്ക് വിരുദ്ധമായി നിയമം നിർമിക്കുന്നവരെ അതനുസരിക്കുന്നത് അല്ലാഹുവിൽ പങ്കുചേർക്കലാണ്.

ഹാകിമിയതുല്ലായെന്ന് നാം പറയുന്ന അല്ലാഹുവിന്റെ അവകാശത്തെ സംബന്ധിച്ച വിഷയം മദീനയിൽ എത്തിയ ശേഷമാണ് ഉദിച്ചുയർന്നതെന്ന് കരുതുന്നത് പോലും ഗുരുതരമായ പിഴവാണ്. യഥാർഥത്തിൽ, വളരെ വ്യക്തവും സുതാര്യവുമായ രീതിയിൽ മക്കയിൽ തന്നെ നമുക്കത് കാണാനാവും. ഒന്നിലധികം മക്കി അധ്യായങ്ങളിൽ അത് വ്യക്തമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്, അതും അടിസ്ഥാന വിഷയത്തിന്റെ രൂപത്തിൽ. **ലാ ഇലാഹ ഇല്ലല്ല**യുടെ പ്രത്യേക അർഥപരികൽപനകളോടെ തന്നെ. ശ്രേഷ്ഠത (ഫദാഇൽ) കളുടെയും പെരുമാറ്റ (സുലൂക്) ങ്ങളുടെയും ശീർഷകത്തിന് കീഴിലല്ല.

ഈ സൂക്തം ഒരു മക്കി അധ്യായത്തിലേതാണ്. **"നിങ്ങളുടെ രക്ഷിതാവിൽ നിന്ന് നിങ്ങൾക്കായി അവതരിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക. അവനു പുറമെ നിങ്ങൾ ഇതര രക്ഷാധികാരികളെ പിൻപറ്റരുത്"** (7 : 3)

എന്ത് പൊരുളാണ് ഈ സൂക്തം നൽകുന്നത്? ആളുകൾ രണ്ടവസ്ഥകൾക്ക് പുറത്താക്കുന്നില്ല എന്ന് ഇത് വ്യക്തമാക്കുന്നു. ഒന്ന് ഈമാനിന്റെയും മറ്റൊന്ന് ശിർകിന്റെയും അവസ്ഥയാണ്. ഇത് ഈമാനിന്റെ കൽപനയാണ്..... **ഇത്തബിഊ മാ അൻസല ഇലയ്കുമ്മിർറബ്ബികും - നിങ്ങളുടെ റബ്ബിൽ നിന്ന് നിങ്ങൾക്ക്**

അവതരിച്ചത് നിങ്ങൾ പിൻപറ്റുക. തുടർന്ന് ശിർക് വിരോധിക്കുകയാണ്..... **വലാ തത്തബിഊ മിൻ ദൂനിഹി ഔലിയാ - അവന് പുറമെ നിങ്ങൾ മറ്റ് രക്ഷിതാക്കളെ പിൻപറ്റരുത്.**

ഇതേ അധ്യായത്തിൽ തന്നെ പിന്നീട് ഈ സൂക്തവും കടന്നു വരുന്നു. **അലാ ലഹു ഖൽഖ് വൽ അംറ്** (7 : 54). ഈ സൂക്തത്തിൽ നിയന്ത്രിത (ഹസ്വർ) പദഘടനയാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നതെങ്കിലും **അംറ്** ഒരു പൊതു പ്രയോഗമാണ്. അതായത് ആകാശത്ത് അവന്റെ നിയമം, മനുഷ്യ ജീവിതത്തിലും അവന്റെ നിയമം മാത്രം! സ്രഷ്ടാവാണവൻ എന്നതിനോടാണ് അത് ബന്ധപ്പെട്ടു കിടക്കുന്നത്. അതായത്, സൃഷ്ടികളെ പടച്ചവൻ ആരോ അവൻ തന്നെയാണ് സൃഷ്ടിക്ക് നിയമം നൽകാൻ അധികാരസ്ഥനായിട്ടുള്ളവൻ. അവൻ അല്ലാതെ ആരും സൃഷ്ടിക്കുന്നില്ല. അതുകൊണ്ടുതന്നെ നിയമം നൽകുവാനുള്ള അവകാശവും അവൻ അല്ലാതെ ആർക്കുമില്ല.

ശൂറ അധ്യായം, അതും മക്കയിൽ തന്നെ അവതരിച്ചതാണ്. **"നിങ്ങൾ ഭിന്നാഭിപ്രായക്കാരായത് ഏത് കാര്യത്തിലാവട്ടെ, അതിൽ തീർപ്പ് കൽപ്പിക്കാനുള്ള അവകാശം അല്ലാഹുവിനാകുന്നു. അവനാണ് എന്റെ റബ്ബ് ആയ അല്ലാഹു. അവനിൽ ഞാൻ തവക്കുൽ ചെയ്തിരിക്കുന്നു. അവനിലേക്ക് ഞാൻ താഴ്മയോടെ മടങ്ങുന്നു"** (42 : 10). ഈ സൂക്തത്തിന്റെ അടിസ്ഥാനവും അതുതന്നെ. മനുഷ്യരുടെ സമസ്ത കാര്യങ്ങളും അല്ലാഹുവിലേക്ക് മടക്കാനാണ് ഇവിടെയും ഉണർത്തുന്നത്. **മിൻ ശയ്ഇൻ** എന്നു പറഞ്ഞത് എത്ര

നിസ്സാരമായ കാര്യങ്ങളായാൽ പോലും ഉപാധികളില്ലാതെ (അലൽ ഇത്വ്ലാഖ്) അല്ലാഹുവിലേക്ക് തന്നെയായിരിക്കണം മടക്കേണ്ടത് എന്ന അർഥത്തിലാണ്. **ഫ ഹുകുമുഹൂ ഇലല്ലാ**യെന്നത് നിയമവും വിധിതീർപ്പും അല്ലാഹുവിന്റേതാണെന്ന് വ്യക്തമാക്കുന്നു. ഏതൊക്കെ കാര്യങ്ങൾ അനുവദി (ഹലാൽ) ക്കുന്നതും നിഷിദ്ധ (ഹറാം) മാക്കുന്നതും അഭിലഷണീ (മുബാഹ്) യമാക്കുന്നതും വെറുക്ക (മക്റൂഹ്) പ്പെട്ടതോ അഭികാമ്യ (മുസ്തഹബ്) മോ ആക്കുന്നതുമൊക്കെ അല്ലാഹുവാണ് തീരുമാനിക്കുക. ഇതേ വിഷയമാണ് മുൻപ് ചർച്ച ചെയ്ത അഅ്റാഫിലെ സൂക്തം അനുബന്ധമായി സ്മരിച്ചത്.

"അതല്ല, അവർ അവനു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചിരിക്കുകയാണോ? എന്നാൽ അല്ലാഹു തന്നെയാകുന്നു രക്ഷാധികാരി. അവൻ മരിച്ചവരെ ജീവിപ്പിക്കുന്നു. അവൻ എന്തിനും കഴിവുള്ളവനാണ്" (42 : 9). ശാസനയും ചട്ടവുമായി ചെറുതും വലുതുമായ ഏതൊരു കാര്യവും അല്ലാഹുവിലേക്ക് മടക്കുകയെന്നത് ഈമാനാണ്. അതിന് വിരുദ്ധമായ സമീപനം അല്ലാഹുവെ കൂടാതെ രക്ഷാധികാരിയെ സ്വീകരിക്കുകയെന്ന ശിർകാണ്. വ്യക്തമായ മാർഗഭ്രംശമാണ്. കാരണം, മരിച്ചവരെ പുനർസൃഷ്ടിക്കുന്നവനും എന്തിനും പോന്നവനുമായ അവൻ മാത്രമാണ് യഥാർഥ രക്ഷാധികാരി അഥവ വലിയ്യ്.

വീണ്ടും മുന്നോട്ട് ഗമിച്ചാൽ, ഇതേ അധ്യായത്തിൽ തന്നെ ഇങ്ങനെ ഒരു വിവരണം കാണാനാകുന്നു. **"അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം അവർക്ക് നിയമമായി നിശ്ചയിച്ച് കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ?"** (42 : 21).

അൻആമിലെ സൂക്തങ്ങൾ ഒത്തിരി വിശദാംശ (മുഫസ്വൽ) ങ്ങൾ ഉള്ളവയാണ്. "**അപ്പോൾ വിധികർത്താവായി അല്ലാഹു അല്ലാത്തവരെയാണോ ഞാൻ അന്വേഷിക്കേണ്ടത്? വിശദവിവരമുള്ള വേദഗ്രന്ഥം നിങ്ങൾക്ക് അവതരിപ്പിച്ചു തന്നവനാകുന്നു അവൻ. നിന്റെ രക്ഷിതാവിൽ നിന്ന് സത്യവുമായി ഇറക്കപ്പെട്ടതാണതെന്ന് പൂർവവേദക്കാർക്കറിയാം. അതിനാൽ നീ ഒരിക്കലും സന്ദേഹിയാകരുത്. നിന്റെ രക്ഷിതാവിന്റെ വചനം സത്യത്താലും നീതിയാലും സമ്പൂർണമാണ്. അവന്റെ വചനങ്ങൾ മാറ്റം വരുത്താൻ ആരുമില്ല. അവൻ സർവതും കേൾക്കുന്നു, അറിയുന്നു. പൃഥിയിലെ അധികമാളുകളെയും നീ അനുസരിക്കുന്ന പക്ഷം അല്ലാഹുവിൻ മാർഗത്തിൽ നിന്ന് അവർ നിന്നെ തെറ്റിക്കും. ഊഹം മാത്രമാണ് അവർ പിന്തുടരുന്നത്. അവർ അനുമാനികളാണ്. തന്റെ വീഥിയിൽ നിന്ന് പിഴച്ചു പോകുന്നവർ ആരെന്ന് നിന്റെ രക്ഷിതാവിന് നിശ്ചയമായും അറിയാം. നേർമാർഗികളെ നന്നായി അറിയുന്നവനും അവൻ തന്നെ. അതിനാൽ നിങ്ങൾ അവന്റെ വചനങ്ങളിൽ വിശ്വസിക്കുന്നവരെങ്കിൽ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചതിൽ നിന്ന് ഭുജിച്ച് കൊള്ളുക. അല്ലാഹുവിനെ നാമം ഉച്ചരിക്കപ്പെട്ടതിൽ നിന്ന് എന്തുകൊണ്ട് നിങ്ങൾ ആഹരിക്കാതിരിക്കണം? നിങ്ങൾക്ക് ഹറാമാക്കിയത് അവൻ നിങ്ങൾക്ക് വിശദീകരിച്ച് തന്നിട്ടുണ്ട്. യാതൊരു വിവരവുമില്ലാതെ തന്നിഷ്ടങ്ങൾക്കനുസരിച്ച് പിഴച്ചുകൊണ്ടിരിക്കുകയാണ് ധാരാളമാളുകൾ. തീർച്ചയായും അതിക്രമകാരികളെ നന്നായി അറിയാം നിന്റെ രക്ഷിതാവിന്. പാപങ്ങളിൽ നിന്ന് പ്രത്യക്ഷമായതും പരോക്ഷമായതും നിങ്ങൾ വെടിയുക. പാപം സമ്പാദിച്ച് വെക്കുന്നവർക്ക് അവരുടെ പ്രവൃത്തിക്ക് തക്ക പ്രതിഫലം അവർക്ക് നൽകപ്പെടുന്നതാണ്, തീർച്ച. അല്ലാഹുവിന്റെ നാമം**

ഉച്ചരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ ഭുജിക്കരുത്. അത് അധർമമാണ്, നിശ്ചയം. നിങ്ങളോട് തർക്കിക്കാനായി പിശാചുക്കൾ അവരുടെ സുഹൃത്തുക്കൾക്ക് ബോധനം നൽകിക്കൊണ്ടിരിക്കും. നിങ്ങൾ അവരെ അനുസരിക്കുന്ന പക്ഷം ഉറപ്പായും നിങ്ങൾ അല്ലാഹുവിൽ ശിർക് ചെയ്യുന്നവരായിപ്പോകും" (6 : 114 - 121).

ഒരു നിഷേധാത്മക ചോദ്യത്തോടെയാണ് വിഷയത്തെ കുറിച്ച ചർച്ച ആരംഭിക്കുന്നത് തന്നെ. **അഫഗയ്റല്ലാഹി അബ്തഗീ ഹകമൻ - അപ്പോൾ അല്ലാഹു അല്ലാത്തവരെയാണോ ഞാൻ വിധികർത്താവായി അന്വേഷിക്കേണ്ടത്?** വ്യക്തമാണ് ഇതിന്റെ പൊരുൾ. അല്ലാഹുവിന് മാത്രമാണ് ഹാകിമിയ്യ എന്നതാണത്. അവനെ ശാസനാധികാരിയായി അംഗീകരിക്കുക. മറ്റാർക്കും അതിനുള്ള അധികാരമോ അവകാശമോ ഇല്ല. ഒരു കാര്യത്തിലും അല്ലാഹു അല്ലാത്തവരിലേക്ക് വിധി തേടിപ്പോകാവതുമല്ല. ഉന്നയിക്കപ്പെട്ട ഈ ചോദ്യത്തിന് ശേഷം ഇങ്ങനെ വരുന്നു. **വ ഹുവല്ലദീ അൻസല ഇലയ്കുമുൽ കിത്താബ മുഫസ്സ്വലൻ - അവൻ വിശദ വിവരമുള്ള വേദഗ്രന്ഥം നിങ്ങൾക്ക് അവതരിപ്പിച്ച്തന്നവനാകുന്നു.** കാര്യങ്ങൾ ഇത്രയും വ്യക്തമായ ശേഷവും എന്ത് ന്യായമാണ് ബാക്കിയാവുക?!

ഇതൊരു വിശദ ഗ്രന്ഥമാണ്. ഒരു കാര്യം പോലും വ്യക്തമാക്കാതെ ഇത് വിട്ടുകളഞ്ഞിട്ടില്ല. ഇതൊരു മക്കീ അധ്യായത്തിലെ മക്കീ സൂക്തമാണെന്ന വസ്തുത സ്മർത്തവ്യമാണ്. മനുഷ്യന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ട നിയമങ്ങളും വിധികളുമെല്ലാം മക്കയിലായിരുന്നു അവതരിച്ചതെന്നും നമ്മുടെ ഓർമയിലുണ്ടാവണം.

നിയമങ്ങളിലെയും വിധികളിലെയും ഏറിയ പങ്കും മദീനയിലാണ് അവതരിച്ചത്. ഉപര്യുക്ത സൂക്തം സൂചന നൽകുന്നത് വിശദനിയമങ്ങളെ (തഫ്സ്വീലുൽ അഹ്കാം) കുറിച്ചല്ല. മറിച്ച്, ദൈവികപരമാധികാരമെന്ന ഒരു ഉത്കൃഷ്ട വിഷയത്തിന്റെ വൈശദ്യങ്ങളിലേക്കുള്ള സൂചനയാണത് നൽകുന്നത്. അതുപ്രകാരം അല്ലാഹുവിൽ നിന്നുള്ള നിയമപരമോ ഇടപാടുപരമോ ആയ എന്തും നിർബന്ധപൂർവ്വം സ്വീകരിക്കാത്ത കാലത്തോളം ഒരു വ്യക്തിയുടെയും വിശ്വാസം അംഗീകരിക്കപ്പെടുകയില്ല.

തുടർ സൂക്തം, അല്ലാഹുവിന്റെ വചനമായിരിക്കണം വിധിതീർപ്പിന്റെ അടിസ്ഥാനമെന്ന വസ്തുതയിലേക്ക് സൂചന നൽകുന്നുണ്ട്. **വ തമ്മത് കലിമതു റബിക്ക സ്വിദ്ഖൻ വ അദ്‌ലല്ലാ മുബദ്ദില കലിമാതിഹി. ഇതാണ് സമഗ്ര സത്യം, സമ്പൂർണ നീതി! അവന്റെ വചനങ്ങളെ ഭേദഗതി ചെയ്യുവാൻ ആർക്കുമാവില്ല**. അല്ലാഹുവിന്റെ തീരുമാനങ്ങളോട് അനിഷ്ടം പ്രകടിപ്പിക്കുന്നവർ വഴികേടിലാണെന്ന് തുടർന്ന് പറയുകയാണ്. അവർ ഭ്രംശമാർഗമാണ് തെരഞ്ഞെടുത്തത്. അവർ തോന്ന്യാസങ്ങൾ പിൻപറ്റുന്നു. അതാണെങ്കിൽ ഒരുതരത്തിലും സുമാർഗത്തിലേക്ക് വഴിനടത്തുന്നില്ല.

ഇതെല്ലാം ഒരാമുഖമാണ്! വരാൻ പോകുന്ന കാര്യങ്ങൾക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപടുക്കലാണ്. അടിസ്ഥാനം വ്യക്തമാക്കപ്പെട്ടു. അത് ഇതാണ്, **തഹ്‌ലീലും തഹ്‌രീമും** അല്ലാഹുവിന്റെ അവകാശമാണ്. അനുവദിക്കുന്നതും വിലക്കുന്നതും അവന്റെ അവകാശമാണ്. വിധിതീർപ്പ് അല്ലാഹുവിന്റെ ഉടമസ്ഥാവകാശമാണ്. വിശ്വാസികളുടെ പദവി തീരുമാനിക്കുന്നതും

നിർണയിക്കുന്നതും ഈ വിഷയം തന്നെയാണ്. മുശ്രികുകളുടെ പദവി തീരുമാനിക്കുന്നതും ഇതുതന്നെയാണ്. ഈ വിഷയം മനുഷ്യനെ മുഅ്മിനും മുശ്രികുമായി വിഭജിക്കുന്നു. **വ ഇൻ അത്വഅ്തുമൂഹും ഇന്നകും ല മുശ്രികൂൻ - അവരെ അനുസരിക്കുന്ന പക്ഷം നിങ്ങൾ മുശ്രികുകളായി മാറും.** കാരണം, അല്ലാഹു ഒരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്ത ജാഹിലിയ്യാ നിയമത്തെ അവർ അനുസരിച്ചു.

നിയമനിർമാണവുമായി ബന്ധപ്പെട്ട അവതരണങ്ങളിലധികവും മദീനയിലായിരുന്നുവെങ്കിലും **ഹാകിമിയതുല്ല**യുടെ വിഷയം മദീനയിൽ എത്തിയ ശേഷമല്ല ആരംഭിച്ചതെന്ന് ഇതിൽ നിന്ന് വ്യക്തം. ഈ വിഷയം കൃത്യമായ വ്യക്തതയോടെ മക്കയിൽ തന്നെ പ്രതിപാദിക്കപ്പെട്ടതിന്റെ കാരണം ജനഹൃദയങ്ങളിൽ ഈ വിശ്വാസത്തെ നട്ടുപിടിപ്പിക്കുകയെന്നതായിരുന്നു.

ലാ ഇലാഹ ഇല്ലല്ലയുടെ ഈ വിഷയം ദൈവിക വചനങ്ങളുടെ വെളിച്ചത്തിൽ നാം ചർച്ച ചെയ്തു.

ഇനി, അത് സ്വീകരിച്ചവരിലെ ജീവിത കർമങ്ങളിലും വ്യവഹാരങ്ങളിലും അത് എന്തെന്തു മാറ്റങ്ങളാണ് കൊണ്ടുവന്നതെന്ന് നമുക്ക് ചർച്ച ചെയ്യാം, ഇൻ ശാഅ് അല്ലാഹ്.

ഈ നിയമങ്ങൾ ദൈവികമാണോ? അത് പിൻപറ്റേണ്ടത് നിർബന്ധമാണോ? അതുപ്രകാരം കർമങ്ങളനുഷ്ഠിക്കുന്നത് ഈമാനിന്റെ നിർവചന (തഅ്രീഫ്) ത്തിലാണോ പെടുക? അതോ, അതിനെ സമൃദ്ധി (ഇദാഫ) യിലോ? ഇത്തരം ചോദ്യങ്ങളൊന്നും ഉന്നയിക്കേണ്ട ഒരാവശ്യവും അന്ന് വിശ്വാസികളുടെ കൂട്ടത്തിൽ നിന്ന് ഒരാൾക്കുമുണ്ടായിരുന്നില്ല. അത് അല്ലാഹുവിന്റെ നിയമങ്ങളാണെന്ന് സാക്ഷ്യപ്പെടുത്തുകയും അതപ്പാടെ സത്യമാണെന്ന് വിശ്വസിക്കുകയും ചെയ്താൽ മാത്രം മതിയോ എന്നോ ആരും ചോദിച്ചില്ല. അത് സത്യപ്പെടുത്തിയാൽ മാത്രം മതിയോ അതോ സംസ്ഥാപിക്കേണ്ട ആവശ്യവുമുണ്ടോ എന്നും പ്രവാചകനോട് ചോദിക്കാൻ ആരും ധൈര്യപ്പെട്ടില്ല. അല്ലാഹു അവതരിപ്പിച്ച ശരീഅതിലെ ഒരു കാര്യത്തിൽ പോലും കർമം ചെയ്യാത്തവരെ മുഅ്മിനെന്ന് വിളിക്കാമോയെന്നും ആരും ചോദിക്കുകയുണ്ടായില്ല.

അല്ലാഹുവാലും അവന്റെ ദൂതനാലും വിശ്വാസത്തിന് സാക്ഷ്യപത്രം നൽകപ്പെട്ട അവർ ഇത്തരം ചോദ്യങ്ങളൊന്നും ചോദിച്ചില്ല. എന്നല്ല, പ്രകടതലത്തിൽ മുസ്‌ലിമും,

അന്തരംഗത്ത് നിഷേധിയുമായ നയവഞ്ച (മുനാഫിഖ്) കർ പോലും പ്രവാചകനോട് ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കാൻ ധൃഷ്ടരായില്ല.

നാവാൽ മൊഴിഞ്ഞ ശേഷം എല്ലാം അവസാനിക്കുന്ന കേവലമൊരു വാക്കാണ് **ലാ ഇലാഹ ഇല്ലല്ല**യെന്ന് അവരിരു കൂട്ടരും - വിശ്വാസികളും നയവഞ്ചകരും - മനസ്സിലാക്കിയിരുന്നില്ല. ഈ വചനത്തിന് ചില തേട്ടങ്ങളൊക്കെയുണ്ടെന്ന് അവരിരുകൂട്ടർക്കും അറിയാമായിരിന്നു. എന്നുമാത്രമല്ല, അവർ ഒരു കൂട്ടരും ആ തേട്ടങ്ങളനുസരിച്ച് കർമങ്ങളും അനുഷ്ഠിച്ച് പോന്നിരുന്നു. വ്യത്യാസം ഒന്നുമാത്രമായിരുന്നു. വിശ്വാസികൾ അത് ഹൃദയപൂർവ്വം അനുഷ്ഠിച്ചു. അല്ലാഹുവിന്റെ തൃപ്തി കാംക്ഷിക്കുകയും അതുവഴി സ്വർഗാവകാശിയാവാൻ കൊതിക്കുകയും ചെയ്തു. എന്നാൽ നയവഞ്ചകർ തികച്ചും ബാഹ്യമായാണ് പ്രവർത്തിച്ചത്. അവരുടെ ദുഷ്‌വൃത്തി വെളിവാകുകയെന്നത് സ്വാഭാവിക കാര്യമായിരുന്നു. അതെന്തായാലും ശരി കപടർ ലാ ഇലാഹ ഇല്ലല്ലയുടെ തേട്ടമനുസരിച്ച് കർമങ്ങൾ ചെയ്തിരുന്നുവെന്ന് സാരം. ചിലപ്പോഴൊക്കെ അവർ കർമങ്ങളിൽ നിന്ന് ഒളിച്ചോടിയിരുന്നു. അപ്പോഴൊക്കെ അവരതിന് ന്യായങ്ങളും കണ്ടെത്തിയിരുന്നു. **ലാ ഇലാഹ ഇല്ലല്ല**യുടെ ഈ കർമപരമായ തേട്ടങ്ങളെ അങ്ങനെയങ്ങ് ഉപേക്ഷിച്ച് കളയുകയെന്നത് കപടർക്ക് പോലും സാധ്യമായിരുന്നില്ല. **"തീർച്ചയായും നയവഞ്ചകർ അല്ലാഹുവെ വഞ്ചിക്കുവാൻ നോക്കുകയാണ്. യഥാർഥത്തിൽ അല്ലാഹു അവരെയാണല്ലോ വഞ്ചിക്കുന്നത്! അവർ ഉദാസീനരായിക്കൊണ്ടും ആളുകളെ കാണിക്കാൻ വേണ്ടിയും നമസ്കരിക്കുന്നു. അല്പമെ അവർ അല്ലാഹുവെ**

സ്മരിക്കുന്നുള്ളൂ" (4 : 142). **"നിശ്ചയം നിങ്ങളുടെ കൂട്ടത്തിൽ മടിച്ച് പിന്നാക്കം നിൽക്കുന്നവരുണ്ട്. നിങ്ങൾക്ക് വല്ല വിപത്ത് ബാധിച്ചാൽ ഞാൻ അവരോടൊപ്പമുണ്ടാവാതിരുന്നത് വഴി അല്ലാഹു എന്നിൽ പ്രസാദിച്ചുവെന്നായിരിക്കും അവർ പറയുക. നിങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്ന് വല്ല അനുഗ്രഹവും ലഭ്യമായാലോ നിങ്ങളും അവനും തമ്മിൽ യാതൊരു സ്നേഹ ബന്ധവുമുണ്ടായിരുന്നില്ലെന്ന മട്ടിൽ അവർ പറയും, ഹാ കഷ്ടം! താൻ അവരുടെ കൂടെയുണ്ടായിരുന്നുവെങ്കിൽ എത്ര നന്നായേനെ! എങ്കിലെനിക്കൊരു വലിയ നേട്ടം തന്നെ നേടിയെടുക്കാമായിരുന്നു" (**4 : 72, 73). നിങ്ങൾ ആലോചിച്ചു നോക്കൂ, **ലാ ഇലാഹ ഇല്ലല്ല**യുടെ തെട്ടങ്ങളിൽ നിന്ന് കപടർക്ക് പോലും ഒഴിഞ്ഞു മാറാനായിരുന്നില്ല.

ലാ ഇലാഹ ഇല്ലല്ലാഹ് വെറുതെയങ്ങ് പറഞ്ഞാൽ മുസ്‌ലിം എന്ന സാക്ഷ്യപത്രം (certificate) ലഭിക്കുമെന്ന കാഴ്ചപ്പാട് വിശ്വാസിയുടെ മനസ്സിലുണ്ടായിരുന്നില്ലയെന്നത് പോകട്ടെ, മുനാഫിഖിന്റെയുള്ളിൽ പോലും അങ്ങനെയുണ്ടായിരുന്നില്ല. അവരാരുടെയും മനസ്സിൽ അത്തരമൊരു തെറ്റിദ്ധാരണ ഉണ്ടായിരുന്നിട്ടേയില്ല. അത്തരത്തിൽ വികലമായിരുന്നില്ല അവരുടെ ചിന്തകൾ. ലാ **ഇലാഹ ഇല്ലല്ല**യുടെ തേട്ടങ്ങളിലൊന്നനുസരിച്ച് പോലും കർമം ചെയ്യാതിരിക്കുകയും എന്നിട്ട് മുസ്‌ലിമെന്ന് അംഗീകരിക്കപ്പെടുകയും ചെയ്യുകയെന്നത് ആ സമൂഹത്തിന് ചിന്തിക്കാൻ പോലുമാകാത്ത കാര്യമായിരുന്നു.

ആന്തരികമായി ഒരാൾ മുസ്‌ലിമോ മുനാഫിഖോ..... അല്ലാഹുവിന്റെ അടുക്കൽ വിധിതേടിപ്പോകുന്ന ഒരു

സമൂഹത്തിൽ.... ഒരാൾ ദീനിന്റെ ഫർദായ ഒരു കർമം പോലും ചെയ്യുന്നില്ല, എന്നിട്ടും മുസ്‌ലിമെന്ന് വിളിക്കപ്പെടാൻ അർഹനായി ഗണിക്കപ്പെടുകയെന്നത് അവർക്ക് ചിന്തിക്കാനേ ആകുമായിരുന്നില്ല.

നന്നേ ചുരുങ്ങിയത് അഞ്ച് നേരത്തെ നമസ്കാരത്തിന്റെ കാര്യമെടുക്കൂ. എല്ലാ കാര്യങ്ങളിലെയും തീരുമാനം അല്ലാഹുവിലേക്ക് മാത്രം വിടുന്ന ഒരു സമൂഹം, മൂന്ന് ദിനം തുടർച്ചയായി നമസ്കരിക്കാത്ത ഒരാളെ വധിച്ച് കളയാതിരിക്കുമോ? .... ഭൂരിപക്ഷാഭിപ്രായം പരിഗണിച്ച്!!!!

ശാസനാധികാരി അല്ലാഹു ആണെന്ന വിഷയം, ... അല്ലാഹുവിലേക്ക് മാത്രമെ വിധി തേടി പോകാവൂ എന്നും, ഇതര നിയമങ്ങളിലേക്ക് വിധി തേടി പോകരുതതെന്നുമുള്ള വിഷയം...., നന്നേ ചുരുങ്ങിയത് ഈ വിഷയത്തിലെ സമീപനം ഒരാളെ മുസ്‌ലിമായി വിലയിരുത്തുന്നതിന്റെ അടിസ്ഥാനമാണ്. ആകാശ നിയമ (ശരീഅതുസ്സമാഅ്) ത്തിനെതിരെ നിലപാടെടുക്കുകയും, അതിനെ നിഷേധിക്കുകയും ചെയ്തതിന് ശേഷവും, ഒരാൾ മുസ്‌ലിമായി തുടരുന്നതെങ്ങനെയാണ്? മുർതദ്ദ് ആവുന്നതിൽ നിന്നവനെ തടയുന്നതെന്താണ്?

അതുകൊണ്ട്,

അതുകൊണ്ട്, ഒരു മുസ്ലിം സമൂഹത്തിൽ, ഇസ്ലാമിലെ കർമങ്ങൾ ഒന്നുപോലും അനുഷ്ഠിക്കാതിരിക്കുകയും, എന്നിട്ട് മുസ്ലിമായി അംഗീകരിക്കപ്പെടുകയും ചെയ്യുക സാധ്യമേയല്ല. അതേപോലെ 'മുസ്ലിം' എന്ന നിലക്കുള്ള നിയമപരമായ അവകാശം (legal rights) വും കിട്ടുകയെന്നതും അസാധ്യം. മുസ്ലിം എന്ന നിയമപരമായ അവകാശം പോകട്ടെ, ആ സമൂഹത്തിൽ ജീവിച്ചിരിക്കാൻ അയാൾക്ക് അനുവാദമുണ്ടായിരികുകയില്ല. കാരണം, അതൊരു മുസ്ലിം സമാജമാണ്. ഏകനും ശക്തനുമായ അല്ലാഹുവിന്റെ വിധിവിലക്കുകൾ നടപ്പിലുള്ള ഒരു സമൂഹം. അത്തരം സന്ദേഹങ്ങളും സംശയങ്ങളും ഇസ്ലാമുമായി പൊക്കിൾക്കൊടി ബന്ധം പോലുമില്ലാത്ത ഒരു ജാഹിലിയ്യ സമൂഹത്തിൽ നിന്നുയർന്നു വന്നേക്കാം. ഇർജാഉൗ ചിന്ത ഉയർത്തിക്കൊണ്ടുവന്ന ഈ വിഷയം, സമൂഹത്തിൽ ഇസ്ലാം അതിന്റെ തനത് പ്രകൃതത്തിൽ നിന്ന് അന്യവത്ക്കരിക്കപ്പെടുമ്പോഴോ, സമൂഹം ഇസ്ലാമിന് അന്യമാകുമ്പോഴോ സംഭവിക്കുന്നതാണ്